Vol: 20 No. 3.

# സർവീസ്

1120 കർക്കടകം

നായർ സർവീസ് സൊസൈററിവകയായി
പ്രസിദ്ധം ചെയ്യുന്നത്.

---

"സഹനാവവതു സഹനൗ ഭുനക്തു-
സഹവീര്യം കരവാവഹൈ.
തേജസ്വിനാവധീതമസ്തു,
മാവിദ്വിഷാവഹൈ."

തൈത്തരീയാരണ്യക മന്ത്രം.

നാമൊരുമിച്ചുരക്ഷിക്കപ്പെടട്ടെ, നാമൊരുമിച്ചു ഭോഗങ്ങൾ അനുഭവിപ്പിക്കപ്പെടട്ടെ, നാം ഒരുമിച്ചു വീരകർമ്മങ്ങൾ ചെയ്യട്ടെ, നമ്മുടെ ജ്ഞാനം പ്രകാശമാനമായിഭവിക്കട്ടെ, നാം പരസ്പരം ദ്വേഷിക്കാതിരിക്കട്ടെ.

---

പത്രാധിപർ { എൻ. കെ. കൃഷ്ണപിള്ള,
N. S. S. കരയോഗംരജിസ്ത്രാർ.

വാർഷികവരിസംഖ്യ 5ബ്രി: രൂ: ഒററപ്രതി 8 ണ.

N. S. S. Press, Changanacherry,

# വിഷയ വിവരം.


| | | |
|---|---|---|
| 1. | മൌലികാദർശം | 97 |
| 2. | പത്രാധിപ പംക്തി | 98 |
| 3. | നായർസർവ്വീസ് സൊസൈററി 1121-ലെ ബഡ്ജററ് സമ്മേളനം | 105 |
| 4. | നായർ സർവീസ് സൊസൈററി സ്കൂളുകൾ | 110 |
| 5. | നായർ സർവ്വീസ് സൊസൈററി 121-ലെ ബഡ്ജററ് മൊത്തം വരവ് മൊത്തം ചെലവ് | 111 |
| 6. | കർഷകൻ (കവിത) കവിയൂർ എം. ജി. | 112 |
| 7. | യുവജനങ്ങളോട് രാജ്യസേവാനിരത: മി. കെ. ജി. പരമേശ്വരൻപിള്ള എൻ. എസ്. എസ്. പ്രസിഡണ്ട് | 113 |
| 8. | ആ മോഹനഗാത്രി (കെ. പി) | 115 |
| 9. | ആഹ്വാനം (കവിത) മി. എം. കെസി. ചന്ദ്രശേഖരവാര്യർ, തൊടുപുഴ. | 120 |
| 10. | അമ്മമാരേ! മിസ്. പി. എം. സരോജിനിദേവി ബി. എ. ബി. എൽ. | 121 |
| 11. | നായർ സർവീസ് സൊസൈററി പ്രസിഡണ്ടന്മാർ | 123 |
| 12. | മഹാബലിയുടെ എഴുന്നള്ളത്ത് (കവിത) മി. മുത്തൂർ രാഘവൻനായർ | 124 |
| 13. | ലോകഗതി | 124 |
| 14. | ഒരു അഭ്യർത്ഥന | 128 |

# സർവീസ്

പുസ്തകം 20. } ചങ്ങനാശ്ശേരി 1120 കർക്കടകം { ലക്കം 3.


വാൾവേലയാൽപ്പാഴ്ച്ചെടിവെട്ടിയിട്ടുടൻ
വളംപിടിപ്പിച്ചറിവിൻകലപ്പയാൽ
ശ്രീഭാർഗ്ഗവക്ഷേത്രമിതിൽത്തുടങ്ങുക·
അഭംഗമന്നക്കൃഷി നായർവർഗ്ഗമേ.

വള്ളത്തോൾ.

## മൗലികാദർശം.

സംഘടനമാത്രമാണു് നമ്മുടെ രക്ഷാകവചം. മറ്റുസമുദായങ്ങൾ ക്രമപ്രവൃദ്ധമായി പുരോഗമിച്ചുവരികയാണു്. അവയോടൊപ്പം നായർ സമുദായവും സഹഗമനം ചെയ്യേണ്ടതു രാജ്യശ്രേയസ്സിനു തന്നെയും അത്യാവശ്യമാണു്. കെട്ടഴിഞ്ഞു് ചിതറിക്കിടന്നാലുള്ള ഭവിഷ്യത്തു് ദയനീയമായിരിക്കും. സമുദായത്തിലെ ഓരോ വ്യക്തിയും അതു് അർഹിക്കുന്നഗൗരവത്തോടെ മനസ്സിലാക്കുകയും സംഘടിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

രാജ്യസേവാനിരതഃ കെ. ജി. പരമേശ്വരൻപിള്ള.

# പത്രാധിപപംക്തി.

## ദ്വിതീയ മഹായുദ്ധം പര്യവസാനിച്ചു.

—o—

എത്ര ആഹ്ലാദത്തോടും ആശ്വാസത്തോടും കൂടിയാണു ദ്വിതീയ മഹായുദ്ധം പര്യവസാനിച്ചു എന്ന വാർത്ത ഇത്ര പെട്ടെന്നു പ്രസിദ്ധം ചെയ്യുവാൻ സാധിക്കുന്നതെന്നു പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. ജപ്പാൻമിക്കവാറും നിരുപാധികം കീഴടങ്ങി സഖ്യകക്ഷികളുടെ പ്രാഭവമഹിമയിൽ ശിരോനമനം ചെയ്തിരിക്കുന്നു. 50 കോടി പവൻ ചെലവഴിച്ചു അമേരിക്കയും ബ്രിട്ടനുംകൂടി സജ്ജീകരിച്ചിട്ടുള്ളതും ഈയുദ്ധത്തിൽ പ്രയോഗിച്ചിട്ടുള്ള ഏററവും വലിയ ബോംബിന്റെ രണ്ടായിരം ഇരട്ടി നശീകരണശക്തിയുള്ളതുമായ ആററം ബോംബിന്റെ ഭീഷണിയും റഷ്യയുടെ യുദ്ധപ്രഖ്യാപനവുമാണു ജപ്പാന്റെ ഇത്രപെട്ടെന്നുള്ള കീഴടക്കത്തിനു കാരണമാക്കിയിട്ടുള്ളതെന്നു പ്രത്യക്ഷമാകുന്നു.

ഇനിയൊരു മഹായുദ്ധമുണ്ടാകാതെ ലോകത്തിനു ശാശ്വതമായ ഒരു സമാധാനം കൈവരുത്തുവാനുള്ള മഹാശക്തികളുടെ ശ്രമം വിജയപ്രദമാക്കുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ.

—*—

## നായർ സർവീസ് സൊസൈററി ബഡ്ജററ്.

—*—

നായർ സർവീസ് സൊസൈററിയുടെ 1121-ലെ ബഡ്ജററും, ആ ബഡ്ജററു പാസാക്കിയ പൊതുയോഗ നടപടിയും ഏററവും ശ്രദ്ധേയമാകുന്നു. ഈ ബഡ്ജററിന്റെ സംക്ഷേപവും പൊതുയോഗനടപടിയുടെ ചുരുങ്ങിയ വിവരണവും അന്യത്ര പ്രസിദ്ധം ചെയ്തിട്ടുള്ളതുകൂടാതെ ബഡ്ജററു റിപ്പോർട്ടും വിദ്യാഭ്യാസവകുപ്പിന്റെയും സംഘടനാ വകുപ്പിന്റെയും പ്രസിദ്ധീകരണശാഖയുടെയും റിപ്പോർട്ടുകളും പ്രത്യേകം അവശേഷമായി ഇതോടൊന്നിച്ചയക്കുന്നുമുണ്ടു്. ഏതു നായർക്കും ഏതു സമുദായ ഭക്തനും ഏററവും അഭിമാനജനകമായ ഒരു ബഡ്ജററും വാർഷിക ചരിതങ്ങളുമാണു് നായർസർവീസ് സൊസൈററി അതിന്റെ മുപ്പത്തൊന്നാം വർഷാന്ത്യത്തിൽ ബഹുജനസമക്ഷം അവതരിപ്പിച്ചിട്ടുള്ളതു്. 392493 രൂപയുടെ വരവു ചെലവുകൾ ഇക്കൊല്ലം പ്രതീക്ഷിക്കുന്ന സൊസൈററി അടുത്തകൊല്ലം 430330 രൂപയുടെ വരവു ചെലവുകളാണു പ്രതീക്ഷിക്കുന്നതു്. സൊസൈററിയുടെ എല്ലാ ശാഖകൾക്കും ഇക്കൊല്ലം കഴിഞ്ഞ കൊല്ലത്തെക്കാൾ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നുമാത്രമല്ല, അടുത്ത കൊല്ലം ഇക്കൊല്ലത്തെക്കാൾ കൂടുതൽ പുരോഗതി ന്യായമായി പ്രതീക്ഷിക്കുന്നുമുണ്ടു്. കേരളത്തിലെ, എന്നല്ല ദക്ഷിണേന്ത്യയിലെ തന്നെ, ഹിന്ദുസമുദായസ്ഥാപനങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്ന ഈ സ്ഥാപനത്തിന്റെ ക്രമപ്രവൃദ്ധമായ പുരോഗതി ഏററവും അഭിനന്ദനീയമായിരിക്കുന്നുണ്ടു്.

കഴിഞ്ഞ 12 വർഷത്തിനിടയ്ക്കുള്ള ഈ മഹനീയ സ്ഥാപനത്തിന്റെ സ്വത്തിന്റെയും പ്രവർത്തനത്തിന്റെയും വളർച്ച നോക്കുക.

| | ആകെ സ്വത്തു് |
|---|---|
| 1109 | 414760 |
| 1110 | 423830 |
| 1111 | 430015 |
| 1112 | 481421 |

| | |
|---|---|
| 1113 | 486703 |
| 1114 | 496540 |
| 1115 | 531713 |
| 1116 | 532803 |
| 1117 | 554037 |
| 1118 | 590522 |
| 1119 | 718002 |
| 1120 | * 749050 |
| 1121 | * 771046 |

* ബഡ്ജറ്റു പ്രതീക്ഷ.

ഇന്നത്തെ വിലയ്ക്കു് ഈ സ്വത്തിനു മുഖവിലയിൽ മൂന്നിരട്ടിയിൽകുറയാതെ ശരിവിലകാണുമെന്നുള്ള സംഗതി സ്മരണീയമാകുന്നു. കഴിഞ്ഞ 12 വർഷത്തിനിടയ്ക്കു് 80 ശതമാനം സ്വത്തിനു വർദ്ധനവുണ്ടായിട്ടുള്ളതിൽ കവിഞ്ഞുതന്നെ സൊസൈററിയുടെ പ്രവർത്തനങ്ങൾക്കു സാരമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നു് ഈ വർഷങ്ങളിലെ വരവുചെലവുകണക്കുകൊണ്ടു പ്രത്യക്ഷമാകുന്നതാണു്.

| | ചെലവു് |
|---|---|
| 1109 | 129634 |
| 1110 | 112379 |
| 1111 | 138676 |
| 1112 | 222191 |
| 1113 | 197070 |
| 1114 | 219701 |
| 1115 | 258107 |
| 1116 | 247402 |
| 1117 | 248610 |
| 1118 | 298158 |
| 1119 | 437922 |
| 1120 | * 377349 |
| 1121 | * 415545 |

* ബഡ്ജറ്റു പ്രതീക്ഷകൾ.

1109-ലെ 129634 രൂപ ചെലവും 119-ൽ 437922 ആയിട്ടുള്ളതു് ഒരു അസാധാരണവരവാണെങ്കിലും സാധാരണ ഗതിക്കു തന്നെ 1120-ൽ 377349 രൂപ ആകുമെന്നാണു പ്രതീക്ഷ. അതായതു കഴിഞ്ഞ 12 വർഷത്തിനിടയ്ക്കു സൊസൈററിയുടെ സ്വത്തിനു 80 ശതമാനം അഭിവൃദ്ധിയുണ്ടായിരിക്കുമ്പോൾ പണച്ചെലവുകൊണ്ടു മാനദണ്ഡം ചെയ്യാവുന്ന അതിന്റെ പ്രവർത്തനത്തിനു രണ്ടരഇരട്ടിയാണു് അഭിവൃദ്ധി ഉണ്ടായിട്ടുള്ളതു്.

1104-ാമാണ്ടു് മുതൽക്കു സമുദായസംഘടനയ്ക്കുള്ള ഒരു പ്രോഗ്രാമിൽ പ്രവൃത്തി ആരംഭിച്ച സൊസൈററിയുടെ ആ ശാഖാപ്രവർത്തനം ക്രമോന്നതമായ അഭിവൃദ്ധിയെ പ്രാപിച്ചു് ഇന്നു തിരുവിതാംകൂർ നായർ സമുദായത്തിൽ ഏറക്കുറെ മുക്കാൽ ഭാഗത്തെയും ഉൾക്കൊള്ളുന്നതും അനേകലക്ഷം രൂപയുടെ സ്വത്തിന്റെയും സ്ഥാപനത്തിന്റെയും ഉടമസ്ഥതയും ഭരണവും വഹിക്കുന്നതുമായ ഒരു മഹനീയസംഘടനയായി പരിണമിച്ചിട്ടുണ്ടു്. നായന്മാർ മാത്രമല്ല, നായന്മാരുമായി വിവാഹബന്ധമുള്ള ബ്രാഹ്മണർ, ക്ഷത്രിയർ, സാമന്തന്മാർ, അമ്പലവാസികൾ തുടങ്ങിയ വിവിധ ന്യൂനപക്ഷ സമുദായങ്ങളെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഈ സംഘടനാപ്രസ്ഥാനം പലെടത്തും ദേശീയമായ അടിസ്ഥാനത്തിലാണു പുരോഗമിച്ചുകൊണ്ടിരിക്കുന്നതു എന്നുള്ള സംഗതി പ്രത്യേകം സ്മരണീയമാകുന്നു.

10 ഇംഗ്ലീഷ് ഹൈസ്കൂൾ, 8 ഇംഗ്ലീഷ്മിഡിൽസ്കൂൾ, 3 ട്രെയിനിങ്ങ്സ്കൂൾ, 6 മലയാളംഹൈസ്കൂൾ, 10 മലയാളംമിഡിൽസ്കൂൾ, ഒരുസംസ്കൃതഹൈസ്കൂൾ,15 പ്രൈമറിസ്കൂൾ എന്നിങ്ങനെ 53 വിദ്യാലയങ്ങളുടെ ഉടമസ്ഥതയും ഭരണവും വഹിക്കുന്ന സൊസൈററിയുടെ വിദ്യാഭ്യാസശാഖ ഏകദേശം രണ്ടര ലക്ഷം രൂപയുടെ ബഡ്ജററാണു് നിയന്ത്രിക്കുന്നതെന്നുള്ളതു പ്രസ്താവ്യമാകുന്നു. ഇതുകൂടാതെ നിരവധി വിദ്യാലയങ്ങൾ കരയോഗങ്ങൾ വകയായും മററും സൊസൈററി സംഘടനയിൽ ഉൾപ്പെട്ടു കിടപ്പുണ്ടെങ്കിലും സൊസൈററിയുടെ നേരിട്ടുള്ള ഭരണത്തിലാണു് ഇത്രയും വിദ്യാലയങ്ങളുള്ളതു്. നാനൂറിൽ പരം അദ്ധ്യാപകന്മാരെ നിയന്ത്രിക്കു

ന്നു ഒരു വിപുല പ്രസ്ഥാനമായി വളർന്നിട്ടുള്ള സൊസൈററി വിദ്യാഭ്യാസവകുപ്പും നിരവധി വിദ്യാലയങ്ങൾ നടത്തുന്ന കരയോഗസംഘടനകളും പ്രാദേശികസമാജങ്ങളും നായർസമുദായത്തിന്റെ ഒരു വലിയ കുറവിനെ അഭിനന്ദനീയമായി പരിഹരിക്കുന്നുണ്ട്.

സൊസൈററിയുടെ കൃഷിവകുപ്പിൽ നിന്നു ഗണ്യമായ ആദായം കിട്ടിത്തുടങ്ങിയിരിക്കുന്നു എന്നു കാണുന്നതു് വളരെ ആശ്വാസപ്രദമാകുന്നു. ഇങ്ങനെ കിട്ടുന്ന ആദായം മുഴുവൻ ദൈനംദിനം പ്രവർത്തനങ്ങൾക്കു ചെലവഴിക്കുകയല്ല, മലബാറിലെ ആയിരം ഏക്കർ തോട്ടം കൃഷി ചെയ്യുന്നതിനായി വിനിയോഗിക്കുകയാണ് എന്നുള്ളതു ശ്രദ്ധേയമാകുന്നു. സൊസൈററിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മിക്കവാറും സംഭാവനകൾ പിരിച്ചെടുത്തു നടത്തുക എന്ന പ്രാരംഭനയത്തിന്ന് ഇന്നും വലിയ വ്യത്യാസമുണ്ടായിട്ടില്ല. നല്ല ജീവചൈതന്യമുള്ള ഒരു സ്ഥാപനത്തിനു മാത്രമേ നിരന്തരം സംഭാവനകളെ ആശ്രയിച്ചു ജീവിക്കുവാൻ സാധിക്കയൊള്ളൂ എന്ന സംഗതി സുപ്രസിദ്ധമാകയാൽ സർവീസ് സൊസൈററിയുടെ പ്രവർത്തനത്തിന്റെ ഊർജ്ജസ്വലതയ്ക്കു മററു തെളിവൊന്നും ആവശ്യമില്ലാത്തതാണ്.

—o—

## എൻ. എസ്. എസ്. ഹിന്ദുകാളേജ്.

—o—

അടുത്ത കൊല്ലത്തെ പ്രോഗ്രാമിൽ സൊസൈററിയുടെ നിയന്ത്രണത്തിൽ, എന്നാൽ മറെറല്ലാ ഹൈന്ദവ വിഭാഗങ്ങളുടെയും സഹകരണത്തിൽ ഒരു ഹിന്ദുകാളേജ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഉൾപ്പെടുത്തിയിരിക്കുന്നതു് ഏററവും പ്രധാനപ്പെട്ട ഒരു സംഗതിയാകുന്നു. അതിലേക്കു തിരഞ്ഞെടുത്ത കമ്മററിയുടെ നേതൃത്വം റിട്ടയാർഡ് വിദ്യാഭ്യാസഡയറക്ടർ എ. ഗോപാലമേനോൻ അവർകളിൽ അർപ്പിച്ചിരിക്കുന്നതു വളരെ നന്നായിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ ഏററവും പ്രമുഖനായ വിദ്യാഭ്യാസവിദഗ്ദ്ധനെന്ന വിഖ്യാതി സമ്പാദിച്ചിട്ടുള്ള മി. ഗോപാലമേനോന്റെ നിയന്ത്രണത്തിൽ ഹിന്ദുസമുദായത്തിനു അഭിമാനജനകവും പരിഷ്കൃതാദർശങ്ങൾക്കനുയോജ്യവും സാങ്കേതികവിദ്യാഭ്യാസത്തിനു പ്രാധാന്യമുള്ളതുമായ ഒരു മാതൃകാകാളേജ് ബഹുലസന്താനങ്ങൾക്കു ഒരു മാതൃസ്ഥാപനമായി അചിരേണ ഉണ്ടാകുമെന്നു നമുക്കു വിശ്വസിക്കാവുന്നതാണ്.

സ്വന്തമായ കാളേജില്ലാത്തതുകൊണ്ട് അഭിരുചിയുള്ള വിഷയത്തിൽ പ്രവേശനം കിട്ടാൻ സാധിക്കാതെ അലഞ്ഞു തിരിഞ്ഞു നിരാശയോടെ വല്ല ഗ്രൂപ്പിലും ചേരുകയും പഠിത്തം തന്നെ തൽക്കാലത്തേക്കു നിർത്തുകയും ചെയ്യേണ്ടതായി വന്നിട്ടുള്ള ഹിന്ദു വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ ധാരാളമുണ്ട്. നിർബന്ധിത വിദ്യാഭ്യാസ നടപടികൾമൂലം വിദ്യാഭ്യാസത്തിനു ഒരു വലുതായ അഭിവൃദ്ധി ഉണ്ടാകാൻ പോകുന്ന അടുത്ത കാലത്തു ഇന്നുള്ള ഹൈസ്കൂളുകളും കാളേജുകളും ഒട്ടും മതിയാകയില്ല. അതിനാൽ ഓരോ സമുദായവും അവരുടെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾക്കു പ്രത്യേകശ്രമം ചെയ്യില്ലെങ്കിൽ ആ സമുദായത്തിലെ കുട്ടികൾക്കു പഠിക്കാൻ സൗകര്യം കിട്ടുകയില്ലെന്നുള്ളതു നിശ്ചയമാകുന്നു.

ചുരുങ്ങിയ ചെലവിൽ ഒരു നല്ല കാളേജുണ്ടാക്കുവാൻ സാധിക്കയില്ല. എന്നല്ല സർവ്വസജ്ജീകരണങ്ങളോടുകൂടിയ, വിവിധ ശാഖാസമന്വിതമായ ഒരു ഒന്നാംഗ്രേഡ് കാളേജാണു നമുക്കു വേണ്ടതും. അതിലേക്കു കുറഞ്ഞപക്ഷം പത്തു ലക്ഷം രൂപ അത്യാവശ്യമാണ്. ഈ തുക ഹിന്ദുസമുദായത്തിൽ നിന്നു പിരിയണം. ഇതുവരെ ഇത്രയും ഭീമമായ ഒരു തുക ഒരു പ്രത്യേകാവശ്യത്തിനു ഹിന്ദുസമുദായം പിരിച്ചിട്ടില്ല. പിരിക്കാമെന്നു ധൈര്യപ്പെട്ടാരും ഹിന്ദുസമുദായത്തിലു

റങ്ങിയിട്ടുമില്ല. നിരവധി വിദ്യാലയങ്ങൾ നിർമ്മിച്ചും പല കാര്യങ്ങൾക്ക് പല രൂപത്തിൽ പണപ്പിരിവു നടത്തിയും നല്ല പരിചയമുള്ള നായർ സർവീസ് സൊസൈററി ഇക്കാര്യത്തിൽ ആത്മവിശ്വാസത്തോടുകൂടി മുൻനിന്നു പ്രവർത്തിക്കാൻ സന്നദ്ധമായതു ഹിന്ദുസമുദായത്തിന്റെ ഭാഗ്യമെന്നാണു വിചാരിക്കേണ്ടതു്. ഈ കാളേജ് സംരംഭത്തിനു സർവ്വവിജയങ്ങളും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

—o—

## മി. മന്നം എ;ൻ. എസ്. എസ്. പ്രസിഡണ്ട്.

—o—

ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകൾ നായർസർവീസ് സൊസൈററി പ്രസിഡണ്ടായും, മലയാളരാജ്യം മാനേജിംഗ് എഡിററർ ശ്രീമാൻ വി. ഗംഗാധരൻ നായർ അവർകൾ എം. എൽ. എ. ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു് നായർ സർവ്വീസ് സൊസൈററിയുടെ ചരിത്രത്തിൽ അതിപ്രധാനമായ ഒരു പരിവർത്തനഘട്ടത്തെയാണു കുറിക്കുന്നതു്. സർവീസ് സൊസൈററിയുടെ ആരംഭംമുതൽ കഴിഞ്ഞ 31 വർഷമായി അതിന്റെ ജനറൽ സെക്രട്ടറിയായിരുന്ന ആളാണു് മി. മന്നത്തു പത്മനാഭപിള്ള. സർവീസ് സൊസൈററിക്കിന്നു കാണുന്ന എല്ലാ ശക്തിക്കും സ്വാധീനത്തിനും, സ്വത്തിനും സ്ഥാപനങ്ങൾക്കും, പേരിനും പെരുമയ്ക്കും പ്രധാനകാരണക്കാരൻ മി. മന്നത്തു പത്മനാഭപിള്ള തന്നെ. ഇത്രദീർഘകാലം, ഇത്ര നിരന്തരമായി, ഏററവും മഹനീയമായ സമുദായസേവനം,- സർവ്വജനാദരണീയമായി, എത്രയും വിജയമായി, ഏററവും നിസ്വാർത്ഥമായി, എത്രയും ശുഷ്കാന്തിയോടുകൂടി, അതികഠിന ക്ലേശങ്ങൾ സഹിച്ചു നിർവ്വഹിച്ചിട്ടുള്ള ലൗകികനായ മറെറാരു വ്യക്തിയെ ഈ കേരളക്കരയിൽ, എന്നല്ല ദക്ഷിണേന്ത്യയിൽതന്നെ കാണുന്നതല്ല. സൊസൈററി അംഗങ്ങളുടെ കൂടക്കൂടെയുള്ള തിരഞ്ഞെടുപ്പിനു വിധേയമായ ഒരു സ്ഥാനമാണു് അദ്ദേഹം വഹിച്ചിരുന്നതെങ്കിലും അദ്ദേഹത്തെ ആരും മാററിയിട്ടില്ല, മാററാനാഗ്രഹിച്ചിട്ടുമില്ല, എന്നല്ല ആ സ്ഥാനത്തേക്കു പ്രാപ്തനായ മറെറാരാളെ കാണാതെ കേഴുകയാണു് ഭാവിയെപ്പററി ചിന്തിക്കുന്നവർ ചെയ്തിട്ടുള്ളതു്.

ആ മി. മന്നത്തുപത്മനാഭപിള്ള ഇപ്പോൾ സൊസൈററി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സമുദായ സേവനത്തിൽ പ്രാവീണ്യമൊ പ്രാമാണ്യമൊ ഉള്ളവരല്ല, മററു പ്രകാരത്തിൽ പ്രാമാണ്യമുള്ള ബഹുമാന്യന്മാരാണു് ഇതുവരെ സൊസൈററി പ്രസിഡണ്ടന്മാരായിരുന്നിട്ടുള്ളതു്. ഇതര ജോലിബദ്ധരായ അവർക്കു സൊസൈററികാര്യങ്ങളിൽ മുഴുവൻ സമയവും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ മി. മന്നത്തു പത്മനാഭപിള്ള മുഴുവൻ സമയവും സൊസൈററി പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുന്ന പ്രസിഡണ്ടായിട്ടാണു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്. വിവിധ ശാഖകളായി വർദ്ധിതചുമതലകളോടുകൂടി അതിശീഘ്രം വളർന്നു വരുന്ന സൊസൈററി ഒരു പൂർണ്ണസമയാദ്ധ്യക്ഷനെ വരിക്കുവാൻ വൈകിയിരിക്കയായിരുന്നു. ആ സ്ഥാനത്തേക്കു് ഇദംപ്രഥമമായി തിരഞ്ഞെടുക്കപ്പെട്ടതു്, സമുദായസേവകന്മാരിൽ അദ്വിതീയനും സൊസൈററിയുടെ ജനയിതാക്കളിൽ പ്രമുഖനുമായ മി. മന്നത്തു പത്മനാഭപിള്ളയായതു്, ഏററവും ഭാഗ്യവും ഉചിതവുമായി എന്നു സകലരും സമ്മതിക്കുന്നതാണു്. ആഫീസ് ഭരണത്തിന്റെയും കണക്കു പരിശോധനയുടെയും മിനക്കേടുകളും ശല്യങ്ങളും ഒന്നും കൂടാതെ സൊസൈററിയുടെ പൊതുഭരണത്തിലും പുരോഗമനത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ സൗകര്യവും സ്വാതന്ത്ര്യവും സിദ്ധിച്ചി

ട്ടുള്ള മി. മന്നത്തു പത്മനാഭപിള്ളയുടെ അന ന്തരസേവനങ്ങൾ നായർസമുദായ ചരിത്രത്തിലെ അത്യുജ്ജ്വലമായ മറെറാരു അദ്ധ്യായമായി പരിലസിക്കുമാറാകട്ടെ.

—ഠ—

## ജനറൽസെക്രട്ടറി മി. വി. ഗംഗാധരൻനായർ

—ഠ—

യുവജനങ്ങളുടെ ആപ്തമിത്രവും, മദ്ധ്യവയസ്കരുടെ വിശ്വസ്ത ബന്ധുവും, വൃദ്ധജനങ്ങളുടെയും ഗുരുജനങ്ങളുടെയും വാത്സല്യപാത്രവും ആയി, മലയാളരാജ്യം മാനേജിംഗ് എഡിററർ സ്ഥാനം പ്രശംസനീയമായി വഹിക്കുന്ന നല്ല ആദർശഭക്തിയുള്ള ഒരു സുധീര യുവപ്രവർത്തകനായ മി. വി. ഗംഗാധരൻ നായർ എം. എൽ. ഏ. യെ നായർ സർവ്വീസു സൊസൈററിയുടെ ദ്വിതീയ ജനറൽ സെക്രട്ടറിയായിട്ടാണു തിരഞ്ഞെടുത്തിരിക്കുന്നതു്. തിരുവിതാംകൂറിലെ ഏററവും പ്രമുഖപത്രമായ മലയാളരാജ്യത്തിൻെറ മഹനീയമായ മാനേജിംഗ് എഡിററർസ്ഥാനം ഉപേക്ഷിച്ചു സ്വസമുദായ സേവനോൽസുകനായിഇറങ്ങിയിരിക്കുന്ന ഈ ധീരാത്മാവിൻെറ ത്യാഗബുദ്ധിയും സമുദായ ഭക്തിയും ഏററവും അഭിനന്ദനീയമാകുന്നു. കൊള്ളാവുന്ന യുവജനങ്ങൾക്കു ഒരുജ്ജ്വലമാതൃക കാണിച്ചുകൊടുക്കുന്ന മി. ഗംഗാധരൻ നായരുടെ സമുദായ സേവനം എത്രയും ദീർഘവും ഏററവും വിജയവും ആയി പ്രശോഭിക്കുമാറാകട്ടെ.

## ഉദ്യോഗമൊഴിയുന്ന പ്രസിഡണ്ടു്.

—ഠ—

രാജ്യസേവാനിരത: കെ. ജി. പരമേശ്വരൻപിള്ള അവർകൾക്കു് ദേഹാസ്വാസ്ഥ്യം നിമിത്തം സൊസൈററി കാര്യങ്ങളിൽ വേണ്ടപോലെ പ്രവർത്തിക്കുവാൻ സാധിക്കാതെവന്നതുമൂലം അദ്ദേഹം വീണ്ടും പ്രസിഡണ്ടാകുവാൻ വിമുഖനായതുകൊണ്ടാണു് പുതിയ തിരഞ്ഞെടുപ്പിൽ വേറെ പ്രസിഡണ്ടിനെ തിരയേണ്ടതായി വന്നതു്. രാജ്യസേവാനിരത കെ. ജി. പരമേശ്വരൻ പിള്ള അവർകൾക്കു സുഖമുണ്ടായിരുന്നെങ്കിൽ നിശ്ചയമായും അദ്ദേഹംതന്നെ വീണ്ടും തിരഞ്ഞെടുക്കപ്പെടുമായിരുന്നു. എന്തെന്നാൽ സർവ്വജനാദരണീയനും സർവ്വസൗഭാഗ്യസമ്പൂർണ്ണനുമായ അദ്ദേഹത്തിൽ സൊസൈററി അംഗങ്ങൾക്കുള്ള മതിപ്പും വിശ്വാസവും അതിരററതാണു്. അദ്ദേഹം സൊസൈററി പ്രസിഡണ്ടായതു 1118 ആരംഭംമുതൽക്കായിരുന്നു. അന്നു സൊസൈററിയുടെ സ്വത്തു് 590522 രൂപയുള്ളതായിരുന്നു. എന്നാൽ ഇന്നു മൂന്നുകൊല്ലത്തെ ഭരണത്തിനുശേഷം 749050 രൂപയുള്ള സ്വത്താണുണ്ടായിട്ടുള്ളതു്. ഈ മൂന്നുവർഷത്തിനിടയ്ക്കു് 156528 രൂപയുള്ള സ്വത്തു സൊസൈററിക്കു കൂടുതലായുണ്ടായിട്ടുണ്ടു്. ഇതൊന്നും സൊസൈററിയുടെ സ്വത്തിൻെറ ആദായത്തിൽനിന്നുള്ള വളർച്ചയല്ല. സ്വാഭാവനമൂലം പണമായും ഭൂമിയായും ബഹുജനങ്ങളിൽനിന്നു കിട്ടിയിട്ടുള്ളതിൽ ചെലവുകഴിച്ചുള്ള മിച്ചം മാത്രമാണു്. ഇത്രയും ഗണനീയമായ സ്വത്തുവർദ്ധനവു് മറെറാരു വർഷത്രയത്തിലും സൊസൈററിക്കിതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതു രാജ്യസേവാനിരത: കെ. ജി. പരമേശ്വരൻപിള്ള അവർകൾക്കു് ഏററവും അഭിമാനാർഹമാകുന്നു.

കുറെ അധികം ഏക്കർ സ്ഥലമെടുത്തു കൃഷിചെയ്യണമെന്നും ഒരു നായർ കാളണി ഉണ്ടാക്കണമെന്നുമുള്ള ആലോചന സർവ്വീസ് സൊസൈററിക്കു് ഏറെക്കുറെ ആരംഭകാലംമുതൽ ഉണ്ടായിട്ടുള്ളതാണു്. ദിവാൻ കൃഷ്ണൻനായരുടെയും ദിവാൻ രാഘവയ്യായുടേയും ഭരണകാലത്തു കുറെ സ്ഥലം പതിച്ചുവാങ്ങുന്നതിനായി തീവ്രശ്രമം ചെയ്തിട്ടു

ണ്ടു്. അതിൽപിന്നീടു പലപ്പഴായി പല ശ്രമങ്ങൾ ചെയ്യാതിരുന്നിട്ടുമില്ല. എന്നാൽ ഇതുവരെ തിരുവിതാംകൂർ ഗവമ്മെൻറിൽനിന്നു ഒരേക്കർ ഭൂമിപോലും പതിച്ചുകിട്ടുവാൻ സൊസൈററിക്കു ഭാഗ്യമുണ്ടായിട്ടില്ല. അങ്ങനെ സൊസൈററിയുടെ തോട്ടകൃഷിമോഹവും കാളനിമോഹവും നിഷ്ഫലമായിക്കിടക്കയായിരുന്നു. എന്നാൽ മി. കെ. ജി. പരമേശ്വരൻപിള്ളയുടെ ഭരണകാലത്തു് ഒരുലക്ഷം രൂപയിൽ കുറയാതെ വിലമതിക്കുന്ന ആയിരം ഏക്കർ ഏററവും ഫലപ്രദമായ ഭൂമി മലബാറിൽ മി. ആർ. എം. പാലാട്ടു് സൊസൈററിക്കു സംഭാവനയായി കൊടുക്കുകയുണ്ടായി. അങ്ങനെ സൊസൈററിയുടെ സുചിരമോഹം ഒരു പൈസപോലും ചെലവാക്കാതെ ഇക്കാലത്താണു ഫലവത്തായി തീൎന്നതു്.

രാജ്യസേവാനിരത: കെ. ജി. പരമേശ്വരൻപിള്ള അവർകൾ പ്രസിഡണ്ടുസ്ഥാനമേററപ്പോൾ സൊസൈററി ഇരുപതിനായിരത്തിൽപരം രൂപയുടെ ഋണഭാരത്തിൽ വിഷമിച്ചിരിക്കയായിരുന്നു. ഭക്താഗ്രണിയും ഭാഗ്യവാനുമായ അദ്ദേഹത്തിൻെറ ഭരണത്തിൽ ആ കടംമിക്കവാറും വീട്ടി സൊസൈററിയുടെ ധനസ്ഥിതി ഏററവും സുരക്ഷിതാവസ്ഥയിലായിത്തീൎന്നു.

ഇങ്ങനെ നോക്കിയാൽ സൊസൈററിക്കു് ഏററവും ശോഭനവും ആശ്വാസകരവും ആയ ഒരു കാലമായിരുന്നു രാജ്യസേവാനിരത: കെ. ജി. പരമേശ്വരൻപിള്ള അവർകളുടെ പ്രസിഡണ്ടു ഭരണകാലം. അദ്ദേഹത്തിനു കുറച്ചുകൂടി പ്രവൎത്തിക്കത്തക്ക ദേഹസുഖം കിട്ടിയിരുന്നെങ്കിൽ ഇനിയും പല വലിയകാൎയ്യങ്ങൾ നിൎവ്വഹിക്കുകയും ചെയ്യുമായിരുന്നു.

എന്നാൽ അദ്ദേഹമാണു് മി. ഗംഗാധരൻ നായരുടെ സേവനം സമുദായത്തിനു സമൎപ്പിച്ചിരിക്കുന്നതെന്നുള്ളതു് അവിസ്മരണീയമാകുന്നു. ശ്രീമാൻ കെ. ജി. പരമേശ്വരൻപിള്ള അവർകളുടെ ജ്യേഷ്ഠൻെറ പുത്രനും അദ്ദേഹത്തിൻെറ സംരക്ഷണയിൽവളൎന്നു് അദ്ദേഹത്തിൻെറ വക മലയാള രാജ്യത്തിൻെറ സൎവ്വചുമതലയും വഹിക്കുന്ന ആളും ആയ മി. ഗംഗാധരൻ നായർ സ്വമനസ്സാലെ സമുദായസേവനത്തിനിറങ്ങിയ ആളാണെങ്കിലും, അതു ശ്രീമാൻ കെ. ജി. പരമേശ്വരൻപിള്ളയുടെ അനുമതിയോടും അനുഗ്രഹത്തോടും കൂടിയാണെന്നുള്ളതു പ്രത്യക്ഷമാണല്ലൊ. അതുകൊണ്ടു ദേഹാസ്വാസ്ഥ്യംനിമിത്തം തല്ക്കാലം പ്രസിഡണ്ടുസ്ഥാനംഒഴിഞ്ഞെങ്കിലും അദ്ദേഹത്തിൻെറ കുടുംബത്തിലെ പ്രമുഖനായ ഒരംഗത്തെ സൊസൈററിക്കു ദാനം ചെയ്തിട്ടുണ്ടെന്നുള്ളതു് സൎവ്വീസു് സൊസൈററി കൃതജ്ഞതാപുരസ്സരം സ്മരിക്കേണ്ട ഒരു സംഗതിയാണു്. ഇദ്ദേഹത്തെ എത്രയുമെളുപ്പം പൂൎണ്ണാരോഗ്യവാനായിക്കാണുവാൻ ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

— * —

## പുതിയ പ്രസിഡണ്ടിനു പാരിതോഷകം.

ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകൾക്കു ഒരു മോട്ടോർകാർ വാങ്ങിസംഭാവന ചെയ്യണമെന്നും അതിലേക്കു് ഏഴായിരം രൂപയിൽ കുറയാത്തതുക പിരിച്ചുണ്ടാക്കണമെന്നും ഉള്ള സൊസൈററിയുടെ നിശ്ചയം എത്രയും ഉചിതവും ഉദാരവുമായിട്ടുണ്ടു്. ഇതിലേക്കു രണ്ടായിരത്തിൽ പരം രൂപയ്ക്കുള്ള വാഗ്ദാനങ്ങളും കുറെ റൊക്കംപിരിവും സൊസൈററി പൊതുയോഗത്തിൽവച്ചു തന്നെ ഉണ്ടായിട്ടുമുണ്ടു്. ബാക്കിയുള്ള രൂപയും ഉടനെ സമുദായാംഗങ്ങൾസംഭാവനചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. എല്ലാവരുംവൻതുകകൾ സംഭാവന ചെയ്യണമെന്നു വിചാരിച്ചു മടിച്ചിരുന്നിട്ടാവശ്യമില്ല. എത്ര ചെറിയ തുകയും കമ്മററിക്കു സ്വീകാൎയ്യമായിരിക്കുന്നതാണു്. സർവ്വീസ് സൊസൈററി തിരഞ്ഞെടുത്തിരിക്കുന്ന സമുദായ നേതാവിനു

കൊടുക്കുന്ന പാരിതോഷികത്തിൽ ചെറുതായിട്ടായാലും വല്യതായിട്ടായാലും ശക്തിപോലെ സഹകരിക്കുന്നതിനുള്ള ഒരു മനസ്ഥിതി സകലരിലും വിലസിക്കാണണമെന്നുമാത്രമെ സമുദായ ഭക്തന്മാരെ ഓർമ്മിപ്പിക്കുന്നൊള്ളു.

—o—

## ടോൾഗേററ നിർത്തി.

1121 ചിങ്ങം 1-ാംനു- മുതൽ തിരുവിതാംകൂർ സംസ്ഥാനത്തുള്ള ടോൾഗേററുകൾ മുഴുവൻ നിർത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നുള്ള ദിവാൻജി സചിവോത്തമ സർ- സി.പി. രാമസ്വാമിഅയ്യർ അവർകളുടെ നിയമസഭാ പ്രസ്താവന ഏററവും ആഹ്ലാദത്തോടുകൂടി രാജ്യമാസകലം സ്വീകരിക്കുന്നതാണു്. വഴിനീളെ വാഹനങ്ങളെ തടഞ്ഞുനിർത്തി കരം ചോദിക്കുന്ന സമ്പ്രദായം എത്ര ആദായകരമായിരുന്നാലും ഏററവും അപരിഷ്കൃതവും ശല്യകരവും ആയിരുന്നതുകൊണ്ടു് ടോൾ ഏർപ്പെടുത്തിയ കാലം മുതൽ ജനപ്രതിനിധികളുടെ കഠിനമായ എതിർപ്പിനു പാത്രമായിക്കൊണ്ടിരുന്നതാണു്. മററു് ആദായമാർഗ്ഗങ്ങളെ ആരായുന്നതിനുള്ള ഗവർമ്മെൻറിൻെറ അസന്നദ്ധതമൂലം ശല്യകരമായ ഈ നികുതി പിരിവു നടന്നുകൊണ്ടിരുന്നു എന്നേയൊള്ളു. ടോൾഗേററു സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾക്കടുത്തുള്ള പ്രദേശങ്ങൾക്കു കൂടുതൽ ഉപദ്രവകരവും രാജ്യത്തിനു പൊതുവെ ശല്യകരവും ആയിരുന്ന ഈ വ്യവസ്ഥ മാററി വാഹനക്കരം ഏർപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നതു് ഏററവും ഉചിതമായിട്ടുണ്ടു്. ഈ സംസ്ഥാനത്തുള്ള വിവിധതരം വാഹനങ്ങളുടെ ഒരു ശരിയായ കണക്കു് സംരക്ഷിക്കുന്നതിനും ഈ വ്യവസ്ഥമൂലം സാധിക്കുന്നതാണു്.

## ശമ്പള പരിഷ്കാരം.

—o—

കുറഞ്ഞ ശമ്പളക്കാരുടെ, വിശേഷിച്ചും മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കഴിയുന്നതും വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതാണെന്നുള്ള ദിവാൻജി അവർകളുടെ വാഗ്ദാനം ഏററവും ആഹ്ലാദത്തോടുകൂടിയാണു് ഞങ്ങൾ സ്വാഗതം ചെയ്യുന്നതു്. വിദ്യാഭ്യാസപരിഷ്കാരക്കമ്മിററി 25 രൂപയാണു് അദ്ധ്യാപകന്മാരുടെ കുറഞ്ഞ ശമ്പളമായി വച്ചിട്ടുള്ളതു്. അചിരേണ വിപുലമായ ഈ വിദ്യാഭ്യാസ പരിഷ്കാരകാര്യപരിപാടിയിൽ പ്രവേശിക്കുവാൻ വിചാരിക്കുന്ന ഗവർമ്മെൻറിനു കുറഞ്ഞ ശമ്പളം 25 രൂപയെന്ന പരിഷ്കാരം ഉടനടി നടപ്പിലാക്കുന്നതിനു സന്മനസ്സു് ഉണ്ടായാൽ അതു് പുതിയ പരിഷ്ക്കാരത്തിൻെറ ഏററവും മഹനീയമായ ഒരു പ്രാരംഭമായിരിക്കുന്നതാണു്.

—o—

## പരസ്യനിരക്കു്.

| | | |
|---|---|---|
| ഒരുവശം മുഴുവൻ ഒരുപ്രാവശ്യം | | 40 ബ്രി. രു. |
| അരവശം | ” | 25 ” |
| കാൽവശം | ” | 15 ” |
| അരക്കാൽവശം | ” | 10 ” |
| ഏററവും കുറഞ്ഞ പരസ്യം | | 5 ” |
| കവർപേജിനു | | 25 ശ:മാ: കൂടുതൽ |

പതിവുപരസ്യത്തിനു പ്രത്യേകനിരക്കു്.

മാനേജർ, സർവീസ്, ചങ്ങനാശ്ശേരി.

# നായർ സർവ്വീസ് സൊസൈററി

## 1121—ലെ ബഡ്ജററ് സമ്മേളനം.

നായർ സർവീസ് സൊസൈററിയുടെ 1121-ലെ ബഡ്ജററു സമ്മേളനം ഈ മാസം 21-ം 22-ം തീയതികളിൽ ഹെഡ് ആഫീസിനോടു അടുത്തുള്ള പെരുന്ന ഇംഗ്ലീഷ് ഹൈസ്കൂൾ ഹാളിൽവച്ചു വളരെ ഭംഗിയായി നടന്നിരിക്കുന്നു. രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും കരയോഗ പ്രതിനിധികളും വ്യക്തി അംഗങ്ങളും പതിവിൽ വളരെ കൂടുതൽ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. 20-ാം തീയതി രാത്രിതന്നെ പലർ സ്ഥലത്തെത്തി. അവർക്കെല്ലാം താമസത്തിനും ഭക്ഷണത്തിനും വേണ്ട സൗകര്യങ്ങൾ എല്ലാം ചെയ്തിരുന്നു.

21-ാംതീയതി രാവിലെ മുതൽ ആളുകൾ തിക്കിത്തിരക്കി വന്നുതുടങ്ങി. അന്നുരാവിലെ പത്തുമണി മുതൽ ഡയറക്ടർ ബോർഡു കൂടി ബഡ്ജററു യോഗത്തിന്റെ ആലോചനയ്ക്കു വിഷയീഭവിക്കേണ്ട ചോദ്യങ്ങളേയും ഉപക്ഷേപങ്ങളേയും പ്രമേയങ്ങളേയും പററി പര്യാലോചിച്ചുകൊണ്ടിരുന്നു.

21-ാംതീയതി കൃത്യം മൂന്നുമണിക്കു ബഡ്ജററുയോഗം ആരംഭിച്ചു. യോഗഹാളും സന്ദർശകർക്കു പ്രത്യേകം ഒഴിച്ചിട്ടിരുന്ന സ്ഥലവും ആളുകളെക്കൊണ്ടു നിബിഡമായിരുന്നു. പ്രസിഡന്റു രാജ്യസേവാനിരത: കെ. ജി. പരമേശ്വരൻപിള്ള അവർകൾ ദേഹാസ്വാസ്ഥ്യം നിമിത്തം വന്നുചേരാതിരുന്നതിനാൽ, യോഗത്തിന്റെ പൊതു സമ്മതിപ്രകാരം ടി. പി. വേലായുധൻപിള്ള അവർകൾ എം. എൽ. ഏ-യാണു അദ്ധ്യക്ഷം വഹിച്ചതു്.

ഈശ്വരപ്രാർത്ഥനയ്ക്കുശേഷം അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തുകയായിരുന്നു ആദ്യത്തെ നടപടി. മരിച്ചവർ പോകെ, 428 അംഗങ്ങൾ കേരളത്തിന്റെ നാനാഭാഗങ്ങളിലായി ഉള്ളവരിൽ 182 പേർ ഹാജരുണ്ടായിരുന്നു. ഇതിനുമുമ്പു ഇത്രയും പ്രാതിനിധ്യമുള്ളതായിരിക്കുന്ന ഒരു ബഡ്ജററു സമ്മേളനം നടന്നിട്ടില്ല. ഹാജരുള്ള അംഗങ്ങളിൽ ഒരു വമ്പിച്ച ഭൂരിപക്ഷം കരയോഗപ്രതിനിധികളായിരുന്നു എന്നുള്ളതു പ്രസ്താവ്യമാകുന്നു. ഇവരുടെയെല്ലാം ഹാജർരേഖപ്പെടുത്തുന്നതിനും, ഒരു മണിക്കൂറിൽ കൂടുതൽ സമയം വേണ്ടിവന്നു.

അതിനുശേഷം 119-ലെ വരവു ചെലവു കണക്കും ബാക്കിപത്രവും വായിച്ചു ജനറൽ സെക്രട്ടറി അവർകൾ സഭയുടെ അനുമതിക്കായി സമർപ്പിച്ചു. ഈ കണക്കിൻപ്രകാരം സൊസൈററിക്കു 119-ൽ 458768 രൂപയുടെ വരവുചെലവുകളും 718000 രൂപയുടെ സ്വത്തുമാണുള്ളതു്. അല്പം ചില സംശയങ്ങൾ തീർത്തശേഷം വരവുചെലവുകണക്കും ബാക്കിപത്രവും പാസാക്കി. അനന്തരം ജനറൽസെക്രട്ടറിയുടെ ബഡ്ജററു റിപ്പോർട്ടും, എൻ. എസ്. എസ്. സ്കൂൾസ് ജനറൽ മാനേജരുടെ വിദ്യാഭ്യാസശാഖാറിപ്പോർട്ടും, കരയോഗം രജിസ്ട്രാരുടെ സംഘടനാശാഖയുടെയും പ്രസിദ്ധീകരണ ശാഖയുടെയും റിപ്പോർട്ടും അവരവർ വായിച്ചു സഭയിൽ സമർപ്പിച്ചു. അതിനുശേഷം സദസ്സ് 6-40-നു ലഘുഭക്ഷണത്തിനായി പിരിയുകയും 7-30-നു വീണ്ടും കൂടുകയും ചെയ്തു.

26 ചോദ്യങ്ങൾക്ക് അന്നേദിവസം മറുപടി നൽകുകയുണ്ടായി. അതിനുശേഷം ബഡ്ജററിനെപ്പററിയുള്ള പൊതുവിമർശം ആരംഭിച്ചു. 7 മെംബറന്മാർ സൊസൈററിയുടെ ബഡ്ജററിനേയും ഭരണത്തിനേയും പ്രവർത്തനങ്ങളേയും പരാമർശിച്ച് പ്രസംഗിക്കയുണ്ടായി. ഒന്നര മണിക്കൂർ നീണ്ടുനിന്ന സുദീർഘമായ ഈ വിമർശന പ്രസംഗങ്ങൾക്കുശേഷം പിറേറദിവസം രാവിലെ 10 മണിക്കു കൂടുവാനായി സഭ അന്നുരാത്രി 10 മണിക്കു പിരിഞ്ഞു.

22-12-120 ന്നു രാവിലെ കൃത്യം 10 മണിക്കു വീണ്ടും യോഗം കൂടി. നിയമപ്രകാരം ആദ്യത്തെ ഒരുമണിക്കൂർ ചോദ്യോത്തരങ്ങൾക്കാണ് വിനിയോഗിച്ചതു്. ആകെ 66 ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി നൽകി. അനന്തരം കാലാവധി കഴിഞ്ഞവരും, സ്ഥാനം ഒഴിഞ്ഞുപോയവരും ആയ 9 ഡയറക്ടർബോർഡ് അംഗങ്ങൾക്കു പകരം 9 പേരെ തെരഞ്ഞെടുക്കുന്നതിന്ന് നാമനിർദ്ദേശംചെയ്യുവാൻ അദ്ധ്യക്ഷനവർകൾ സഭയോടു ആവശ്യപ്പെട്ടു. ആകപ്പാടെ 19 പേരുകൾ സഭാംഗങ്ങൾ നിർദ്ദേശിക്കയുണ്ടായി. അവരെയെല്ലാം സ്വീകരിച്ചശേഷം തലേദിവസം അവസാനിപ്പിക്കാതെയിരുന്ന ബഡ്ജററു് വിമർശനം തുടന്നു. 13 മെംബറന്മാർ ബഡ്ജററിനെ വിമർശിച്ചു് പ്രസംഗിക്കയുണ്ടായി. അതിനുശേഷം എൻ. എസ്. എസ്. സ്കൂൾസ് ജനറൽ മാനേജർ മി. കെ. പി. കൃഷ്ണമേനോൻ വിദ്യാഭ്യാസശാഖയെപ്പററി മെംബറന്മാർ ചെയ്ത നിരൂപണങ്ങൾക്ക് ശരിയായ മറുപടി നൽകി. പിന്നീട് കരയോഗം രജിസ്ത്രാർ മി. എൻ. കെ. കൃഷ്ണപിള്ള സംഘടനാശാഖയേയും, പ്രസിദ്ധീകരണശാഖയേയും പററി മെംബറന്മാർ നടത്തിയ വിമർശനങ്ങൾക്ക് സമുചിതമായ മറുപടി നൽകി ആ ശാഖകളുടെ പ്രവർത്തന പരിപാടികളെ വിശദീകരിച്ചു. കരയോഗം രജിസ്ത്രാരുടെ പ്രസംഗമദ്ധ്യേ ഒന്നര മണിക്ക് സഭ ഭക്ഷണത്തിനായി പിരിഞ്ഞു.

വീണ്ടും മൂന്നുമണിക്കു സഭകൂടി. ആദ്യമായി ഡയറക്ടർബോർഡ് അംഗങ്ങളുടെ തിരഞ്ഞെടുപ്പിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ട 19 മെംബറന്മാരുടെ പേരുകൾ അച്ചടിച്ച ലിസ്റ്റ് അംഗങ്ങളുടെ ഇടയ്ക്ക് വിതരണംചെയ്തു്, 9 പേരെ തെരഞ്ഞെടുക്കുവാൻ ആവശ്യപ്പെടുകയാണ് അദ്ധ്യക്ഷൻ അവർകൾ ചെയ്തതു്. അംഗങ്ങൾ ഓരോരുത്തരും അവരവരുടെ ഇഷ്ടംപോലെയുള്ള പേരുകൾക്കെതിരെ അടയാളപ്പെടുത്തി അദ്ധ്യക്ഷൻ അവർകളെ ആ ലിസ്റ്റ് ഏല്പിച്ചു.

കരയോഗം രജിസ്ത്രാർ അവർകളുടെ മറുപടിപ്രസംഗം തുടന്നു. അടുത്തു്, ജനറൽ സെക്രട്ടറി മി: മന്നത്തു പത്മനാഭപിള്ളയുടെ മറുപടി പ്രസംഗമായിരുന്നു. സൊസൈററിയുടെ നയം, പ്രവർത്തനം, ഭാവി പരിപാടികൾ, രണ്ടുമൂന്നു ദുസ്സംശയക്കാരുടെ കുതർക്കങ്ങൾക്കുള്ള സമാധാനം, വിവിധശാഖകളുടെ പ്രവർത്തനഗതി, എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ആ പ്രസംഗം ഏററവും ഹൃദയസ്പൃക്കും സകല ദുസ്സംശയങ്ങളേയും ദൂരീകരിക്കുന്നതും ആയിരുന്നു.

അനന്തരം ഓരോ വകുപ്പിന്റേയും ധനാഭ്യർത്ഥനകളാണുണ്ടായതു്. എല്ലാ ധനാഭ്യർത്ഥനകളേയും ഉപക്ഷേപംമൂലം എതിർക്കുന്നതിന്ന് മി: കളത്തിൽ വേലായുധൻനായർ സന്നദ്ധനായെങ്കിലും, ഓരോ എതിർപ്പും മറുപടിക്കുശേഷം പിൻവലിച്ചു.

ബഡ്ജററു മുഴുവൻ പാസ്സാക്കിയശേഷം ബോർഡുമെമ്പറന്മാരുടെ തിരഞ്ഞെടുപ്പിന്റെ ഫലം അദ്ധ്യക്ഷനവർകൾ പ്രഖ്യാപനംചെയ്തു. താഴെപ്പറയുന്ന മാന്യന്മാരാണു

തെരഞ്ഞെടുക്കപ്പെട്ടതു്.

മെസ്സേഴ്സ്,

1. മന്നത്തു പത്മനാഭപിള്ള.
2. വി. ഗംഗാധരൻനായർ, എം. എൽ. എ.
3. വരകപ്പള്ളി കേശവപിള്ള.
4. വി. ജി. ശങ്കരനാരായണപിള്ള, ബി. എ. ബി. എൽ.
5. വി. കെ. വേലപ്പൻനായർ, എം. എൽ. എ.
6. നീലവന ആർ. മാധവൻനായർ, എം. എൽ. എ.
7. സി. കെ. ശങ്കരപ്പിള്ള, ബി. എ. ബി. എൽ.
8. ആർ. കെ. പിള്ള വക്കീൽ.
9. എൻ. ഗോവിന്ദമേനോൻ, ബി. എ. ബി. എൽ.

6-30-നു് സഭ ലഘുഭക്ഷണത്തിനു പിരിഞ്ഞു. 7 മണിക്കു വീണ്ടും കൂടി. 4 പ്രമേയങ്ങൾ ഉദ്യോഗസ്ഥപക്ഷത്തുനിന്നും ഹാജരാക്കിയതു് സഭ സ്വീകരിച്ചു.

(പ്രമേയങ്ങൾ അന്യത്ര)

അനന്തരം ഡയറക്ടർ ബോർഡംഗങ്ങളിൽനിന്നും മൂന്നു വർഷത്തിലൊരിക്കൽ പ്രസിഡണ്ടിനെയും ജനറൽ സെക്രട്ടറിയെയും ഖജാൻജിയെയും തെരഞ്ഞെടുക്കുന്ന പതിവനുസരിച്ചു് പുതുതായി തിരഞ്ഞെടുക്കപ്പെട്ട 21 ഡയറക്ടറന്മാരുടേയും പേരുകൾ അച്ചടിച്ച ലിസ്റ്റ് ഈ ഉദ്യോഗസ്ഥന്മാരുടെ തെരഞ്ഞെടുപ്പിനായി സഭയിൽ വിതരണം ചെയ്തു. യഥേഷ്ടം വോട്ടുചെയ്ത പേപ്പർ മെമ്പറന്മാർ ഓരോരുത്തരായി കൊണ്ടുചെന്നു് അദ്ധ്യക്ഷനെ ഏല്പിച്ചു. അതിനുശേഷം 2 അനുദ്യോഗസ്ഥപ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു. (പ്രമേയങ്ങൾ അന്യത്ര)

പിന്നീടു് അദ്ധ്യക്ഷൻ തിരഞ്ഞെടുപ്പുഫലം പ്രഖ്യാപനംചെയ്തു. ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകൾ പ്രസിഡണ്ടായും ശ്രീമാൻ വി. ഗംഗാധരൻനായർഅവർകൾ എം. എൽ. ഏ. ജനറൽ സെക്രട്ടറിയായും, ശ്രീമാൻ വരകപ്പള്ളി കേശവപിള്ള അവർകൾ ഖജാൻജിയായും വൻപിച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു. പിന്നീടു് നാലു അനുദ്യോഗസ്ഥപ്രമേയങ്ങൾകൂടി പാസ്സാക്കുകയുണ്ടായി. അവസാനം അദ്ധ്യക്ഷൻ അവർകളുടെ സംക്ഷിപ്തമായ ഉപസംഹാര പ്രസംഗവും, ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകളുടെ, തന്നെ പ്രസിഡണ്ടായി തിരഞ്ഞെടുത്തതിലുള്ള കൃതജ്ഞതാപ്രകാശനവും, മി. ഗംഗാധരൻ നായരുടെ, തന്നെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തതിലുള്ള കൃതജ്ഞതാ പ്രസംഗവും, മി. എം. എൻ. രാഘവൻനായരുടെ, മെമ്പറന്മാരുടെ പ്രതിനിധിയായുള്ള കൃതജ്ഞതാപ്രകടനവും കഴിഞ്ഞു് വഞ്ചീശമംഗളത്തോടുകൂടി സഭ 11-45-നു് മംഗളമായി പര്യവസാനിച്ചു.

പ്രോഗ്രസീവ പാർട്ടി എന്നൊരു കക്ഷി സർവീസ് സൊസൈറ്റിക്കകത്തു ഉണ്ടായിട്ടുള്ളതായി ചില ലഘുപത്രികകളും, പത്രലേഖനങ്ങളും മുഖാന്തരം സമുദായമദ്ധ്യത്തിൽ ഒരു പ്രചരണം നടത്തിയിരുന്നുവെങ്കിലും, ആ കക്ഷിയുടെ പ്രചാരകന്മാരായിരുന്ന മൂന്നുപേർ വ്യർത്ഥമായ ചില ചോദ്യങ്ങളും, അർത്ഥമില്ലാത്ത ചില എതിർപ്പുകളും മൂലം സഭയുടെ വിലയേറിയ സമയം കുറച്ചു കളയുവാൻ ശ്രമിച്ചതല്ലാതെ, മറ്റൊരു ഫലവുമുണ്ടായില്ല. മൂന്നുനാലു വെറും വ്യക്തികളല്ലാതെ, ഈ വൻപിച്ച സദസ്സിൽ ഒരു എതിർശബ്ദമുണ്ടാക്കാൻ ആരും ശ്രമിച്ചിട്ടുമില്ല. സർവീസ സൊസൈറ്റി ഭരണകൂടത്തോടു് സമുദായത്തിനുള്ള നിസ്സംശയമായ വിശ്വാസവും, ബഹുമാനവും ആണു് സദസ്സിൽ അത്യന്തം പ്രകടമായതു്.

# പ്രധാന പ്രമേയങ്ങൾ.

ഉദ്യോഗസ്ഥപ്രമേയങ്ങൾ:-

1. ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടും രാജകുടുംബവും ദീർഘകാലം സസുഖം ജീവിച്ചിരിക്കുവാൻ ഈ യോഗം ജഗദീശ്വരനെ പ്രാർത്ഥിക്കുന്നു.

2. അശ്വതിതിരുനാൾ കൊച്ചുതമ്പുരാട്ടിയുടെ തിരുവവതാരത്തിൽ എൻ. എസ്സ്. എസ്സ്. പൊതുയോഗത്തിനുള്ള നിസ്സീമമായ സന്തോഷത്തെ രേഖപ്പെടുത്തുകയും ആ കൊച്ചുതമ്പുരാട്ടിയുടെ ആയുരാരോഗ്യസന്താനൈശ്വര്യസമൃദ്ധിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

3. നായർ സർവീസ് സൊസൈററി സ്ഥാപകന്മാരിൽ ഒരാളും ചങ്ങനാശ്ശേരി താലൂക്കിലെ ഒരു പൌരമുഖ്യനും എൻ. എസ്സ്. എസ്സ്. ഭരണസമിതി അംഗമായും കേരളസർവീസ് ബാങ്കിന്റെ മാനേജരായും മററും നിരന്തരമായിതന്നെ സമുദായസേവനം ചെയ്തിട്ടുള്ള മാന്യനുമായ നൈനാടത്തു ത്രിവിക്രമക്കൈമ്മൾ അവർകളുടേയും, യുവാവും സമുദായസ്നേഹിയും പത്തനംതിട്ട എൻ. എസ്സ്. എസ്സ്. കരയോഗയൂണിയൻ പ്രസിഡണ്ടെന്നനിലയിൽ സൊസൈററി സംഘടനാശാഖയുടെ ഒരു ഉത്തമബന്ധുവുമായിരുന്ന കെ. ജി. ഗോപാലപിള്ള അവർകളുടേയും അകാലദേഹവിയോഗത്തിൽ ഈ യോഗം അത്യന്തം ദുഃഖിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

4. നായർ സർവീസ് സൊസൈററിയുടെ ഉടമസ്ഥതയിലും ഹിന്ദുസമുദായത്തിലെ വിവിധവിഭാഗങ്ങളിൽ പെട്ടവരുൾപ്പെടെയുള്ള ഒരു കമ്മററിയുടെ ഭരണത്തിലും "എൻ. എസ്സ്. എസ്സ്. ഹിൻഡു കാളേജ്" എന്ന നാമധേയത്തിൽ മധ്യതിരുവിതാംകൂറിൽ എവിടെയെങ്കിലും സൌകര്യമുള്ള സ്ഥലത്ത് ഒരു ഒന്നാംഗ്രേഡ് കാളേജ് സ്ഥാപിച്ചു നടത്തേണ്ടതാണെന്ന് ഈ യോഗം തീരുമാനിക്കുകയും അതിന്റെ പ്രവർത്തനത്തിനായി, ഡയറക്റ്റർബോർഡിനു കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള അധികാരത്തോടുകൂടി താഴെക്കാണുന്ന മാന്യന്മാരെ ഒരു കമ്മററിയായി തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

കമ്മററി അംഗങ്ങൾ:—

മെ. 1) ഏ. ഗോപാലമേനോൻ എം. ഏ. ബി. കോം. റിട്ട. വിദ്യാഭ്യാസഡയറക്റ്റർ, തിരുവനന്തപുരം. (പ്രസിഡണ്ട്) 2) രാജ്യസേവാനിരത: കെ. ജി. പരമേശ്വരൻ പിള്ള, കൊല്ലം. 3) ഡാക്ടർ കെ. രാമൻ തമ്പി. എം. ഡി., തിരുവനന്തപുരം.. 4) ചാലയിൽ ആശാൻ ഡാക്ടർ കെ. പി. പണിക്കർ, ആലപ്പുഴ. 5) പറയത്ത് ഇരവിഗോവിന്ദമേനോൻ, പറവൂർ. 6) മന്നത്തു പത്മനാഭപിള്ള, ചങ്ങനാശ്ശേരി. 7) കെ. എൻ. ശങ്കുണ്ണിപ്പിള്ള, ബി. ഏ. ബി.എൽ,. കോട്ടയം. 8) പി. കൃഷ്ണപിള്ള, പ്രൊപ്രൈററർ, ധനലക്ഷ്മി കാഷ്യൂകമ്പനി, കൊല്ലം, 9) നീലവന ആർ. മാധവൻനായർ എം. എൽ. എ., കൊല്ലം. 10) ടി. പി. വേലായുധൻപിള്ള എം. എൽ. ഏ., ചെങ്ങന്നൂർ, 11) വി. ഗംഗാധരൻ നായർ എം. എൽ. എ., കൊല്ലം, 12) വി. ജി. ശങ്കരനാരായണപിള്ള ബി. എ. ബി. എൽ., തിരുവനന്തപുരം, 13) എൻ. ഗോവിന്ദമേനോൻ ബി. എ. ബി. എൽ., കോട്ടയം. 14) വി. കെ. വേലപ്പൻനായർ എം. എൽ. എ., വൈക്കം. 15) കെ. സി. ദാമോദരമേനോൻ കണ്ടനാട്ട്, പാറക്കടവ്.

അനുദ്യോഗസ്ഥപ്രമേയങ്ങൾ.

1. നായർ സർവീസ് സൊസൈററിയുടെ ഇപ്പോഴത്തെ നിലയ്ക്കു മുഴുവൻ സമയവും

സൊസൈററിക്കുവേണ്ടി ജോലിചെയ്യുന്ന ഒരു പ്രസിഡൻറ് ആവശ്യമാണെന്നു കാണുന്നതിനാലും അദ്ദേഹം എല്ലാ ശാഖകളുടേയും പ്രവർത്തനത്തിൻെറ ഭരണാധികാരം വഹിക്കുന്ന ആളായിരിക്കുന്നതിനാലും മേലിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടിനു പ്രതിവർഷം 1800 രൂപാ ഓണറേറിയവും 500 രൂപയിൽ കവിയാത്ത സഞ്ചാരപ്പടിയും ബഡ്ജററിൽ ജനറൽഭരണത്തിനായി അനുവദിച്ചിട്ടുള്ള സംഖ്യയ്ക്കും പുറമെ അനുവദിക്കേണ്ടതാണെന്നു ഈ യോഗം തീരുമാനിക്കുന്നു.

2. സൊസൈററി വിദ്യാലയപ്പുരയിടങ്ങൾ തരിശായി ഇടാതെ ഭൂസ്ഥിതിക്കനുസരണമായ ദേഹണ്ഡങ്ങൾ നടത്തുന്നതിനു അതാതു സ്കൂൾ ഹെഡ്മാസ്റ്ററന്മാരെ ചുമതലപ്പെടുത്തണമെന്നു ഈ യോഗം തീരുമാനിക്കുന്നു.

3. നായർ സർവീസ് സൊസൈററി സ്ഥാപകന്മാരിൽ പ്രമുഖനും സൊസൈററിയുടെ ആരംഭംമുതൽ ഇതുവരെയുള്ള മുപ്പതില്പരം വർഷക്കാലം ജനറൽ സെക്രട്ടറിയായിരുന്നു പ്രശംസനീയമായവിധം സകലർക്കും മാതൃകയായി സമുദായസേവനം ചെയ്തിട്ടുള്ള ബഹുമാന്യനും, സൊസൈററിയുടെ ഇന്നത്തെ അഭിമാനജനകവും സർവ്വജനസമാദരണീയവുമായ നിലയ്ക്കു പ്രധാന കാരണഭൂതനുമായ ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകളോടുള്ള പരിപൂർണ്ണമായ വിശ്വാസത്തേയും ബഹുമാനത്തേയും ഈ യോഗം രേഖപ്പെടുത്തുന്നു.

4. സർവ്വസമുദായങ്ങളുടേയും ഹൃദയപൂർവ്വമുള്ള സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതനും നായർസമുദായത്തെ നിഷ്കളങ്കമായി സ്നേഹിച്ചു അതിനെ ഉന്നതനിലയിൽ എത്തിക്കാൻ അശ്രാന്തപരിശ്രമം ചെയ്തിട്ടുള്ള ബഹുമാന്യനുമായ രാജ്യസേവാനിരത: കെ. ജി. പരമേശ്വരൻപിള്ള അവർകൾ കഴിഞ്ഞ 3 കൊല്ലക്കാലം സർവ്വീസ് സൊസൈററിയുടെ നേതൃത്വം വഹിച്ചു സ്തുത്യർഹമായ സേവനം നടത്തിയതിൽ അദ്ദേഹത്തോടു ഈ യോഗത്തിനുള്ള കൃതജ്ഞതയെ രേഖപ്പെടുത്തുകയും അദ്ദേഹത്തിൻെറ ദീർഘായുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

5. ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകൾക്കു ഒരു പ്ലിമൗത്ത് കാർ വാങ്ങിക്കൊടുക്കുവാൻവേണ്ടി 7000 രൂപയിൽ കുറയാത്ത ഒരു സംഖ്യ സമുദായാംഗങ്ങളിൽനിന്നും പിരിച്ചെടുക്കണമെന്നു ഈ യോഗം തീരുമാനിക്കുകയും അതിലേയ്ക്കു താഴെപ്പറയുന്ന മാന്യന്മാരെ ഒരു കമ്മററിയായി സംഘടിപ്പിക്കുന്നു എന്നു നിശ്ചയിക്കുകയും ചെയ്യുന്നു. മെ: 1) ടി. പി. വേലായുധൻപിള്ള എം. എൻ. എ. (പ്രസിഡണ്ടു്) 2) നീലവന മാധവൻനായർ എം. എൽ. എ. കൺവീനറും, ഖജാൻജിയും. 3) വി. കെ. വേലപ്പൻനായർ എം. എൽ. എ. 4) എൻ. ഗോവിന്ദമേനോൻ ബി. എ. ബി. എൽ. 5) പട്ടരുമഠം പി. കെ. വാസുദേവൻനായർ.

6. സൊസൈററി വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ അനദ്ധ്യായദിവസങ്ങളിൽ "നായർ സർവീസ് സൊസൈററിയുടെ ആദർശങ്ങൾ പൊതുജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും സമീപപ്രദേശങ്ങളിലുള്ള കരയോഗങ്ങളുടെ പ്രവർത്തനത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതിനും ആവശ്യമായ വ്യവസ്ഥ ചെയ്യണമെന്നു ഈ യോഗം നിശ്ചയിക്കുന്നു.

# നായർ സവ്വീസ് സൊസൈററി-
# സ്വത്തുക്കൾ.

| ഇനം | 119അവസാനത്തിലെസ്വത്തു സ. രൂ. | 120-ൽ ഉദ്ദേശിച്ച സ്വത്ത് സ. രൂ. | 120-ൽ വന്ന സ്വത്ത് സ. രൂ. | 121-ൽ ഉദ്ദേശിക്കുന്നസ്വത്തു സ. രൂ. |
|---|---|---|---|---|
| സ്ഥാവരവസ്തു | 326553 | 20000 | 8100 | — |
| കെട്ടിടങ്ങളും സാമഗ്രികളും | 345975 | — | 22200 | 21000 |
| കേരളസവ്വീസ്ബാങ്കിൽ ഓഹരി | 1527 | — | — | — |
| സവ്വീസ്പത്രംലൈസൻസ്ഫീസ് | 300 | — | — | — |
| ശാശ്വതനിധി | 10522 | 401 | 438 | 456 |
| വിദ്യാഭ്യാസനിധി | 9167 | 750 | 310 | 440 |
| ടി. ഖി. വേലുക്കുട്ടിമേനോൻഫണ്ട് | 2872 | — | — | — |
| ഈടാക്കേണ്ടും കടങ്ങൾ | 211 | — | — | — |
| അനാമത്ത് | 25 | — | — | — |
| ആഫീസുകളിൽ രൊക്കമിരുപ്പ് | 20850 | — | — | — |
| ആകെ | 718002 | 21151 | 31048 | 21966 |
| ആകെ സ്വത്ത് | 718002 | 739153 | 749050 | 771046 |

---


# എൻ. എസ്സ്. എസ്സ്. പ്രസ്സ്
# ചങ്ങനാശേരി.

നായർ സവ്വീസ് സൊസൈററി ഹെഡ്ആഫീസ് കാംപൌണ്ടിൽ നടത്തിവരുന്ന എൻ. എസ്. എസ്. പ്രസ് എല്ലാത്തരം അച്ചടിയും മെഷീൻ കട്ടിങ്ങും റൂളിങ്ങും ബയൻറിങ്ങും ചെയ്യത്തക്കവിധം പരിഷ്കരിച്ചിരിക്കുന്നു.

മിതമായ ചാർജ്ജ്—കണിശമായ ജോലി നിവ്വഹണം.

## നായർ സർവീസ് സൊസൈററി

### 121-ലെ ബഡ്ജററ് മൊത്തം വരവ്

| വരവിനം | 119-ലെ ശരിവരവ് | 120-ലെ ഉദ്ദേശ വരവ് | 120-ലെ പുതുക്കിയ വരവ് | 121-ലെ ഉദ്ദേശ വരവ് |
|---|---|---|---|---|
| | സ. രൂ | സ. രൂ | സ. രൂ | സ. രൂ |
| മൊത്തംമുന്നിരുപ്പ് | 13447 | 11383 | 20846 | 15144 |
| ജനറൽഭരണം | 180522 | 96841 | 79926 | 85920 |
| വിദ്യാഭ്യാസശാഖ:- | | | | |
| 1. വിദ്യാലയങ്ങൾ | 206922 | 235526 | 225203 | 259800 |
| 2. ജനറൽ മാനേജരുടെ ആഫീസ് | 8235 | 9460 | 10360 | 11190 |
| 3. വിദ്യാഭ്യാസനിധി | 238 | 750 | 310 | 440 |
| 4. സെയിൽസ് ഡിപ്പോ | 1351 | 570 | 1530 | — |
| സംഘടനാശാഖ | 1333 | 3550 | 4100 | 6510 |
| പ്രസിദ്ധീകരണശാഖ | — | 3500 | 1860 | 10000 |
| കൃഷിവ്യവസായശാഖ (എ) | 28581 | 28200 | 26220 | 27870 |
| ,, മലബാർ (ബി) | 17812 | 25300 | 21700 | 13000 |
| ശാശ്വതനിധി | 327 | 401 | 438 | 456 |
| ആകെ | 458768 | 415781 | 392493 | 430330 |

### 121-ലെ ബഡ്ജററ് മൊത്തം ചെലവ്.

| ചെലവിനം | 119-ലെ ശരി ചെലവ് | 120-ലെ ഉദ്ദേശ ചെലവ് | 120-ലെ പുതുക്കിയ ചെലവ് | 121-ലെ ഉദ്ദേശ ചെലവ് |
|---|---|---|---|---|
| | സ. രൂ | സ. രൂ | സ. രൂ | സ. രൂ |
| ജനറൽഭരണം | 181705 | 94221 | 75088 | 80270 |
| കടംവീട്ട് | 2701 | 3000 | 6000 | 6000 |
| വിദ്യാഭ്യാസശാഖ:- | | | | |
| 1. വിദ്യാലയങ്ങൾ | 196689 | 286648 | 228980 | 259044 |
| 2. ജനറൽമാനേജരുടെ ആഫീസ് | 7998 | 9400 | 11110 | 11540 |
| 3. വിദ്യാഭ്യാസനിധി | 239 | 750 | 310 | 440 |
| 4. സെയിൽസ് ഡിപ്പോ | 1272 | 505 | 1455 | — |
| സംഘടനാശാഖ | 1237 | 3996 | 3608 | 7160 |
| പ്രസിദ്ധീകരണശാഖ | — | 3500 | 1690 | 9775 |
| കൃഷിവ്യവസായശാഖ (എ) | 28632 | 25600 | 26310 | 27860 |
| ,, മലബാർ (ബി) | 17122 | 25300 | 22360 | 13000 |
| ശാശ്വതനിധി | 327 | 401 | 438 | 456 |
| മൊത്തം നീക്കിയിരുപ്പ് | 20846 | 12460 | 15144 | 14785 |
| ആകെ | 458768 | 415781 | 392493 | 430330 |

# കർഷകൻ.

(കവിയൂർ, എം. ജി)

സസ്യശ്യാമളസുന്ദരഭൂവിൽ-
സുസ്മിതംതൂകിനിന്നിടും.
ആത്മശുദ്ധിയിലാത്മതൃപ്തിയി-
ലാമഗ്നനാമെൻകർഷക!
വെള്ളമുത്തണിവേർപ്പിനാൽതീർത്ത-
വിശ്വവന്ദ്യമാംജീവിതം;
ശുദ്ധചര്യാവിരാജിതാമല-
ശുഭരമ്യമാംജീവിതം;
വഞ്ചനതൻപൊടിപുരളാത്തൊ-
രഞ്ചിതമായജീവിതം;
അർദ്ധപട്ടിണിപ്പാവങ്ങൾതന്റെ-
രക്തമൂററാത്തജീവിതം;
ദുഷ്പ്രഭുത്വവിലാസമില്ലാത്ത-
ദുഷ്കരോജ്ജ്വലജീവിതം;
എത്രമോഹനമെത്രനിർമ്മല-
മെത്രശാന്തസമ്പൂർണ്ണദം.

പച്ചപ്പട്ടൊളിചിന്നിടുന്നൊരു-
സ്വച്ഛകേദാരഭൂമിയിൽ.
കാന്തിയുംനിത്യശാന്തിയുമൊപ്പം-
നൃത്തമാടുന്നവാടിയിൽ.
ഹേമന്തപ്പുതുചന്ദ്രികപൂശാൻ-
വെമ്പുംതൈമാവിൻഛായയിൽ.
ആശ്രമംപോൽവിശുദ്ധിയാർന്നതാ-
മച്ചെറുമാടത്തിണ്ണയിൽ.
വിശ്രമംകൊൾവൂകർഷകൻനിത്യം-
വിൺമലർത്തോപ്പിലെന്നപോൽ.
പുഞ്ചിരിച്ചുകുണുങ്ങിനില്ക്കുന്ന-
പൂക്കളൊത്തുചിരിക്കുവാൻ;
പൂവനത്തിലിരുന്നുപാടുന്ന-
പൂങ്കുയിലൊത്തുപാടുവാൻ;
ചേലിൽമന്ദംപതഞ്ഞുപായുന്ന-
ചോലയൊത്തുരസിക്കുവാൻ;
ഉല്ലസിച്ചുരസിച്ചുചാഞ്ചാടും
വല്ലികൾക്കൊപ്പമാടുവാൻ;
വെമ്പിനില്ക്കുന്നകർഷകൻ,കാര്യ-
സമ്പത്തിന്റെമണിയറ.

വാനിടംപുതുകൊണ്ടൽചാർത്തുമ്പോൾ
ഗാനമോടവനാടിടും.
വർഷകാലമഹോത്സവങ്ങളിൽ-
ഹർഷപൂർവ്വംപുളച്ചിടും.
മഞ്ഞണിപ്പുലർകാലപ്പൊൻകതിർ-
മഞ്ജിമയിൽലയിച്ചിടും.
വാസന്തപ്പുതുപ്പൂന്തിങ്കൾച്ചാറു-
വിൺഗംഗപോലൊഴുകുമ്പോൾ.
വിസ്മയാഹ്ലാദലോലനായ്,രോമ-
ഹർഷംകൊണ്ടുടൽമൂടിടും.
അംബുജബന്ധുതങ്കനീരാള-
മൻപിൽനീളെവിരിക്കുമ്പോൾ.
താരണിച്ചെറുസസ്യകേദാരം-
പൂരിതോന്മേഷംനോക്കിടും.

നിസ്വനെങ്കിലുംനിത്യതൃപ്തനീ-
വിശ്വബന്ധുവാംകർഷകൻ.
രാജാവും,കലാകാരനുംയുദ്ധ-
വീരനുംദിവ്യയോഗിയും.
കർഷക!ഭവൽകാരുണ്യംകൊണ്ടു-
ഹർഷമാർന്നുവിലസുന്നു.

മംഗളംസത്യജേതാവേ!നിത്യ-
മംഗളാനന്ദദാതാവേ!
മംഗളംകർമ്മാദർശയോഗമേ!
മംഗളംമാന്യകർഷക!

# യുവജനങ്ങളോട്.

രാജ്യസേവാനിരത: കെ. ജി. പരമേശ്വരൻപിള്ള
അവർകൾ അയച്ചതും ജനറൽ സെക്രട്ടറി
ശ്രീമാൻ മന്നത്തുപത്മനാഭപിള്ള അവർ
കൾ സഭാസമക്ഷം വായിച്ചതുമായ
ശ്രദ്ധേയമായകത്തു്.

കൊല്ലം,
20 — 12 — 1120.

ജനറൽ സെക്രട്ടറി അവർകൾക്ക്
നായർ സർവീസ് സൊസൈററി,
ചങ്ങനാശേരി.

സർ,

പഴയപടി യാത്രചെയ്യാനും, ബഹുലമായ പരിപാടികളിൽ പങ്കുകൊള്ളാനും വേണ്ടത്ര ആരോഗ്യം ഇനിയും എനിക്കു വീണ്ടുകിട്ടിയിട്ടില്ല. ബഡ്ജററു സമ്മേളനത്തിൽ സംബന്ധിക്കാൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നെങ്കിലും, ഇപ്പോഴത്തെ ദേഹക്ഷീണം അതിന് വിലങ്ങനെ നില്ക്കുകയാണ്. എൻെറ അസാന്നിദ്ധ്യം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

മൂന്നുകൊല്ലം മുൻപാണ് സർവീസ് സൊസൈററി പൊതുയോഗം ഭാരിച്ച ചുമതലകളോടുകൂടിയ ഈ ബഹുമതി വിശ്വാസപൂർവം എന്നിലർപ്പിച്ചതു്. അതിൻെറ യശസ്സിന് ഗ്ലാനതട്ടാതിരിക്കാൻ കഴിവുപോലെ ചിലതൊക്കെ പ്രവർത്തിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് വിമർശിക്കേണ്ടതു് ഞാനല്ലല്ലോ. എൻെറ പ്രതീക്ഷയ്ക്കൊത്തു് — ആഗ്രഹത്തിനൊത്തു് — ചിലതെല്ലാം പ്രവർത്തിക്കാൻ അനാരോഗ്യം മൂലം കഴിയാതെയും വന്നിട്ടുണ്ട്.

നായർ സർവീസ് സൊസൈററിയോടു് എനിക്കുള്ള ബന്ധത്തിന് പഴക്കംപോലെതന്നെ ദൃഢതയുമുണ്ട്. അതിൻെറ അഭിവൃദ്ധിയിലുള്ള താല്പര്യവും, അതോടുള്ള ആഴമേറിയ ആത്മാർത്ഥതയും ഔദ്യോഗികവലയത്തിനു പുറമെ നിൽക്കുമ്പോഴും മേൽക്കുമേൽ വളരുകയേയുള്ളുവെന്ന് ഉറപ്പുപറഞ്ഞുകൊള്ളട്ടെ. സൊസൈററിയുടെ ആദർശങ്ങളിലും സാദ്ധ്യതകളിലും എനിക്കത്രകണ്ട് വിശ്വാസമാണുള്ളതു്. സൊസൈററി പൊതുയോഗത്തോടു്, സമുദായത്തോടു് പൊതു

വെതന്നെ എനിയ്ക്കഭ്യൎത്ഥിക്കാനുള്ളതു് ഒന്നേയുള്ളു. സംഘടനമാത്രമാണു് നമ്മുടെ രക്ഷാകവചം. മററുസമുദായങ്ങൾ ക്രമപ്രവൃദ്ധമായി പുരോഗമിച്ചുവരികയാണു്. അവരോടൊപ്പം നായർസമുദായവും സഹഗമനം ചെയ്യേണ്ടതു് രാജ്യശ്രേയസ്സിനു തന്നെയും അത്യാവശ്യമാണു്. കെട്ടഴിഞ്ഞു് ചിതറിക്കിടന്നാലുള്ള ഭവിഷ്യത്തു് ദയനീയമായിരിക്കും. സമുദായത്തിലെ ഓരോ വ്യക്തിയും അതു് അർഹിക്കുന്ന ഗൗരവത്തോടെ മനസ്സിലാക്കുകയും സംഘടിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

നായരുടെ ഏക സംഘടനയാണു് നായർ സർവീസ് സൊസൈററി. സമുദായത്തിനും രാജ്യത്തിനും പ്രയോജനകരമായി പലതും ചെയ്യാനുള്ള കഴിവു് ഈശ്വരാനുഗ്രഹംകൊണ്ടു് അതിനു ഇന്നുണ്ടായിട്ടുണ്ടു്. സമുദായം അതു് വേണ്ടവണ്ണം പ്രയോജനപ്പെടുത്തുന്നില്ലെന്നൊരു കുറവേ ഇപ്പോഴുള്ളു. സൊസൈററി പ്രവൎത്തനങ്ങളിൽനിന്നു് അല്പമായിട്ടെങ്കിലും അകന്നു നില്ക്കുന്നതു് യുവജനങ്ങളാണു്. സൊസൈററിയുടെ നയപരിപാടികളിലോ ഭരണക്രമത്തിലോ ഉള്ള അഭിപ്രായവ്യത്യാസമാണു് അതിനു കാരണമെന്നും പറയപ്പെടുന്നു. അപ്രകാരമുള്ള അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാനും സംഘടന പുഷ്ടിപ്പെടുത്താനും ഉപകരിക്കുന്ന മാൎഗ്ഗം, സൊസൈററി പ്രവൎത്തനത്തിൽ കാലോചിതമായി ആവശ്യമുള്ള മാററം വരുത്തുകയെന്നുള്ളതാണു്. അഭ്യസ്തവിദ്യരും സമുദായസ്നേഹികളുമായ നായർ യുവാക്കന്മാരാണു് അതിനുവേണ്ടി പ്രവൎത്തിക്കേണ്ടതു്. സൊസൈററിയുടേയും സമുദായത്തിന്റെയും ഭാവി അവരെ നോക്കി നില്ക്കുകയാണു്. സമുദായസ്നേഹികളായ യുവജനങ്ങൾ സൊസൈററിക്കുള്ളിൽകടന്നു് അതിന്റെ നയപരിപാടികൾ രൂപീകരിക്കണമെന്നാണു് എന്റെ ആഗ്രഹം. അതിനു് ഞാൻ അവരോടു് പ്രത്യേകം അപേക്ഷിക്കുകയും ചെയ്യുന്നു.

സൊസൈററി പ്രസിഡണ്ടു് എന്ന നിലയിൽ എന്റെ ഔദ്യോഗികകാലം മുഴുവനും എന്നെ സന്ദൎഭോചിതമായി സഹായിച്ചിട്ടുള്ള സകലരോടും വിശിഷ്യാ ജനറൽസെക്രട്ടറി മി. മന്നത്തു പത്മനാഭപിള്ളയോടും എന്റെ ആത്മാൎത്ഥമായ കൃതജ്ഞത പ്രകാശിപ്പിക്കാനും ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. ബഡ്ജററു സമ്മേളനത്തിനും സൊസൈററിയ്ക്കും സകല വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

(ഒപ്പു്)

എൻ. എസ്സ്. എസ്സ്. പ്രസിഡന്റു്.

# ആ മോഹനഗാത്രി.

(കെ. പി.)

III

തേനഴിയത്തു തറവാട്ടിലെ സർവ്വാധിപതിയായി രാജമ്മ വാഴ്ച തുടങ്ങി. അവിടുത്തെ പതിവുകാരായിരുന്ന പരിചാരകന്മാരെ കൂടാതെ തിരുവനന്തപുരത്തുനിന്നു പഴയവൃദ്ധയേയും പുത്രനേയുംവരുത്തി രാജമ്മ കൂട്ടത്തിൽ താമസിപ്പിച്ചിരുന്നു, വൃദ്ധയ്ക്കു് അടുക്കളഭരണവും പത്മനാഭപിള്ളയ്ക്കു വിളവെടുപ്പുൾപ്പടെ പുറമെയുള്ള ഭരണവുമാണു് കൊടുത്തിരുന്ന ജോലി. നല്ലശമ്പളവും അവർക്കു കൊടുത്തിരുന്നു. എന്നാൽ മുന്നാഴി അരിയിൽ കൂടുതൽ ഒരുമിച്ചു വയ്ക്കാറില്ലാത്ത കാളുഅക്കനെക്കൊണ്ടു മൂന്നാലുപറ അരി ഒരുനേരം വയ്ക്കുന്ന തേനഴിയത്തെ ഊട്ടുപുരയുടെ ഭരണത്തിനോ, നാലുമഞ്ചും വേലക്കാരെ കൂട്ടുപിടിച്ചു ചെറിയ കൺട്രാക്ടു് ജോലികൾനടത്തിയിരുന്ന പത്മനാഭപിള്ളയ്ക്കു തേനഴിയത്തെ വമ്പിച്ച മുതലിന്റെ ഭരണത്തിനോ പ്രാപ്തിയുണ്ടായിരുന്നില്ല. പോരെങ്കിൽ നാരായണനുണ്ണിത്താന്റെ മക്കളുടെ കൊള്ളയിൽ സഹായികളായിരുന്ന തഴമ്പിച്ച കള്ളന്മാരായിരുന്നു തേനഴിയത്തെ കുടിയാനവന്മാരിൽ പലരും. മൂപ്പിലെ മക്കളെ ആട്ടി പുറത്താക്കിയതു ശേഷക്കാരായിരുന്നെങ്കിൽ അവർക്കു സഹിക്കാമായിരുന്നു. ഇതു് ഇളമീന്നിലെ മകൾ എവിടെയോ കിടന്നിരുന്ന ഒരു വടക്കത്തിപ്പെണ്ണു്. അതിനാൽ കുടിയാനവന്മാർ മിക്കവരും രാജമ്മയുടെ വാഴ്ചയ്ക്കുതന്നെ വിപരീതികളായിരുന്നു. പിന്നെ അവരുടെ അപ്രാപ്തനായ മാനേജർ എത്രയ്ക്കു സ്വീകാര്യനാകും. അതിനാൽ നാളികേരം, ചക്ക മാങ്ങ നടുതല തുടങ്ങിയ എല്ലാ വിളവുകളും പകുതിയിലധികം മോഷണംപോവുക എന്നതു സാധാരണമായിത്തീർന്നു.

തേനഴിയത്തെ സ്ഥിരോപദേഷ്ടാവായിരുന്ന വക്കീൽ പരമുപിള്ള ഒരു പ്രാപ്തനായ കാര്യസ്ഥനുവേണ്ടി ശ്രമിക്കാതിരുന്നില്ല. എന്നാൽ നാരായണനുണ്ണിത്താന്റെ മക്കളുടെ ശല്യത്തെ ഭയന്നു് ആരും ആ കാര്യസ്ഥത ഭരമേൽക്കുവാൻ തയ്യാറായില്ല. പോരെങ്കിൽ സുമുഖനും ബലിഷ്ഠഗാത്രനും യുവാവുമായ പത്മനാഭപിള്ളയുടെ തേനഴിയത്തെ അടുപ്പം ചില അപശബ്ദങ്ങൾക്കും കാരണമാക്കിയിരുന്നു. അതുകൊണ്ടു അവിടുത്തെ മാനേജർസ്ഥാനം മാന്യന്മാരായ സമർത്ഥന്മാർക്കു കാമ്യമായിരുന്നില്ല. തേനഴിയം സഹോദരന്മാരുടെ നിരന്തര ദോഷാരോപണങ്ങളും ഏഷണി കൂട്ടലുമാണു് ഈ വിഷമങ്ങൾക്കെല്ലാം കാരണമാക്കിയതെന്നു പറവാനില്ലല്ലോ. എങ്കിലും രാജമ്മയുടെ രൂപമനോഗുണങ്ങളും നയവിശേഷവും മൂലം അടുത്തവരെയെല്ലാം അവൾ ആകർഷിച്ചിരുന്നു. അങ്ങനെ നൂതനവും ഹൃദ്യവുമായ ഒരു ബന്ധുസമിതിയെ ആ തരുണീമണി സമാർജ്ജിക്കുന്നുണ്ടായിരുന്നു.

ഇന്നും അനാഡംബരയായിട്ടാണവളുടെ ജീവിതം. പണ്ടത്തെ പൊട്ടു് കാതിൽ കിടപ്പുണ്ടെന്നല്ലാതെ മറ്റു യാതൊരാഭരണവും അവൾ ഉണ്ടാക്കിച്ചിട്ടില്ല. സാധാരണ വസ്ത്രങ്ങളല്ലാതെ വിശേഷപ്പെട്ട ഒരൊററ മുണ്ടു പോലും അവൾ വാങ്ങിയിട്ടില്ല. ആഭരണങ്ങളിലും കസവു വസ്ത്രങ്ങളിലും മററലങ്കാര സാധനങ്ങളിലും പ്രകൃത്യാ ഭ്രമമുള്ള സുകുമാരപ്രകൃതികളായ സ്ത്രീകളെല്ലാം, വിശേഷിച്ചും അന്തഃപുരിജീവിതമോടികളിൽ പരിചയിച്ചിട്ടുള്ള കാളുവമ്മ രാജമ്മയെ വളരെ നിർബന്ധിച്ചിട്ടും അവൾക്കനക്കമുണ്ടായില്ല. ഇപ്രകാരം അലങ്കാരശൂന്യയെങ്കിലും അവളുടെ ആകൃതിഷാറവും ആകർഷണീയമായിരു

ന്നു. അല്പവാകന്ന്, അനന്ത സ്വത്തിന്നുടമസ്ഥയായി, സുകുമാരകലകളിൽ രസികത്തിയായി, സുഖജീവിതം നയിച്ചിരുന്ന ആ യുവതിയുടെ ആകാരസുഷമയുടെ വികസനം അവർണ്ണനീയമായിരുന്നു. ഇത്ര സൗന്ദര്യവും വിനയവും തന്റേടവും സംഗീതനിപുണതയും ധൈര്യവുമുള്ള ഒരു യുവതി മറ്റെങ്ങുമില്ലെന്നുള്ള പ്രശസ്തി അവർ നാൾക്കുനാൾ വളർത്തിക്കൊണ്ടിരുന്നു. തേനെഴിയം സഹോദരന്മാരുടെ അപകീർത്തിപ്രചരണം അവളുടെ പരിസരത്തെയൊട്ടും ദുഷിപ്പിക്കുവാൻ അവളുടെ വ്യക്തിമാഹാത്മ്യം അനുവദിച്ചിരുന്നില്ല.

ഇങ്ങനെ തേനെഴിയം പ്രഭൃതി മണ്ഡലംകുടില ലോകത്തോടു കഠിനസമരം ചെയ്തുജയിച്ചു കയറിക്കൊണ്ടിരിക്കുമ്പോൾ ഒരു ദിവസം ഒരു അപരിചിതനായ അതിഥി അവിടെ വന്നുകയറി. കോട്ടും തൊപ്പിയും ധരിച്ച് ഒരു ചെറിയ തോൽബാഗും തൂക്കിക്കൊണ്ടുവന്നു കയറിയ അതിഥിയുടെ കമനീയമായ മേൽമീശയും, രാസനാകാന്തിയുള്ള നോട്ടവും, തന്റേടത്തോടുകൂടിയ തലയെടുപ്പും, നടപ്പിന്റെ പ്രൗഢതയും ഏറ്റം ബഹുമാന്യനെന്നു വിളംബരം ചെയ്തിരുന്നു. പത്മനാഭപിള്ള ആ സന്ദർശകനെ സ്വീകരിച്ചു സൽക്കരിച്ചു.

പത്മ—എവിടുന്നാണോ? എന്താണോ വിശേഷം?

അ—എനിക്കിവിടുത്തെ കുഞ്ഞമ്മയെ ഒന്നു കാണണം.

പ—ആരെന്നാണു ഞാൻ പറയേണ്ടത്. കാര്യം വല്ലതും നേരത്തെ അറിയിക്കാനുണ്ടോ.

അ—എന്റെ പേര് കുമാരദാസ്. വീടു കോട്ടയത്ത്. അധികവും പുറരാജ്യങ്ങളിലായിരുന്നു താമസം. പറയേണ്ട കാര്യം നേരിട്ടറിയിച്ചുകൊള്ളാം.

പ—ഞാൻ വിവരം അകത്തറിയിക്കാം.

അല്പം കഴിഞ്ഞപ്പോൾ രാജമ്മ പൂമുഖത്തേക്കു വന്നു. ആരെയും ആദരാനന്ദിതരാക്കുന്ന ആ പ്രൗഢസുന്ദരീമണിയെക്കണ്ടു് അത്ഭുതവിവശനായി കുമാരദാസ് ഉത്ഥാനം ചെയ്തു തൊഴുതു. ഒത്ത പൊക്കത്തിൽ ദൃഢഗാത്രനും കുലീനനും സുമുഖനുമായ ഒരു മദ്ധ്യവയസ്കനെക്കണ്ടു രാജമ്മയും ഒന്നു പരന്നാണു പ്രതിവന്ദനം ചെയ്തത്. രണ്ടുപേരും പരസ്പരം ഒരു പരിശോധന രണ്ടു നിമിഷത്തിനിടയ്ക്കു നടത്തി, രണ്ടുപേരുടേയും നേത്രങ്ങൾ ഒന്നിടഞ്ഞു പിന്മാറി.

രാ—ഇരിക്കണം.

കു—ഞാനിരുന്നുകൊള്ളാം.

രാ—എന്താണു വിശേഷം.

കു—എനിക്കിവിടുത്തെ കാര്യസ്ഥത കിട്ടിയാൽ കൊള്ളാമെന്നപേക്ഷയുണ്ടു്. എനിക്കുവേണ്ടി ശുപാർശ ചെയ്യാനാരുമില്ല. എന്തെന്നാൽ ഞാനധികവും വിദേശവാസിയായിരുന്നു. എന്നാൽ എന്റെ സമ്പാദ്യമായ അയ്യായിരം രൂപ എന്റെ കൈവശമുള്ളതു ഇവിടെ ജാമ്യമായി ഏല്പിച്ചേക്കാം. എന്റെ ഭരണം തൃപ്തികരമല്ലെന്നു എപ്പോൾ തോന്നുന്നുവോ അപ്പോൾ എന്നെ മാറ്റുന്നതു എനിക്കു സമ്മതമാണു്. ഞാനും അങ്ങനെ പിരിയുന്നെങ്കിൽ അവിടെ വിസമ്മതിക്കരുതെന്നേയുള്ളു. എന്നാൽ എനിക്കു ശമ്പളം കുറച്ചു ഭേദമായി കിട്ടണമെന്നപേക്ഷയുണ്ടു്. അതു് ഇവിടുത്തേക്കു എന്റെ ഭരണവിജയത്തിൽ കിട്ടുന്ന ആദായക്കൂടുതലിന്റെ ഒരംശം കൂടി ചേർത്താണെങ്കിൽ എനിക്കേറ്റവും പ്രോത്സാഹജനകമായിരിക്കും. ഇത്രയുമാണു് എന്റെ അപേക്ഷ.

രാ—വിദേശവാസത്തിൽ പരിചയിച്ചിട്ടുള്ള അങ്ങു് ഒരു കുടുംബഭരണത്തിന്റെ ആദായത്തിന്നായി ഈ കുഗ്രാമത്തിൽ താമസിക്കാനാഗ്രഹിക്കുന്നതിന്റെ ഉദ്ദേശമെന്തു്.

കു—ഗ്രാമോദ്ധാരണ പരിശ്രമങ്ങളിൽ കുറച്ചു ഭ്രമമുള്ള ആളാണു ഞാൻ. സ്വത്തും സ്വാധീനവുമുള്ള ഒരു വലിയ കുടുംബത്തിനൊട്ടും നഷ്ടം കൂടാതെ ഗ്രാമവാസികളെ എത്രമാത്രം സഹായിക്കാനും പരിഷ്കരിക്കാനും സാധിക്കും എന്നു പരീക്ഷിച്ചറിയണമെന്നുള്ള ആ

ഗ്രഹമാണു് എന്നെ ഇതിലേക്കു പ്രേരിപ്പിച്ചതു്.

രാ— ഞാൻ സമ്മതിച്ചു. എന്നാൽ എന്റെ ഉപദേഷ്ടാവായ മാവേലിക്കര വക്കീൽ പരമുപിള്ളയുമായി ആലോചിച്ചേ ഒന്നും ഉറപ്പിക്കാൻ സാധിക്കയൊള്ളു.

കു— വളരെ സന്തോഷം. ഇവിടുന്നൊരെഴുത്തു തന്നെങ്കിൽ ഞാനിപ്പോൾതന്നെ മാവേലിക്കരപോയിവരാം.

രാ— വേണ്ട. അദ്ദേഹം ഇന്നിവിടെവരും. അതുവരെ ഇവിടെ താമസിക്കരുതെന്നുണ്ടോ.

കു— ഞാൻ സ്ഥിരതാമസത്തിനുതന്നെ ഒരുങ്ങിക്കൊള്ളുവാം.

IV

കുമാരദാസ് തേനഴിയത്തു കാര്യസ്ഥനായി നിയമിക്കപ്പെട്ടു. കുടുംബംവക ഒരു കെട്ടിടവും ആ പുരയിടത്തിലെ മേലാദായവും കാര്യസ്ഥനായി വിട്ടുകൊടുക്കുകയും പ്രതിവർഷം 250 പറ നെല്ലും ആയിരം രൂപയും ശമ്പളമായി നിശ്ചയിക്കുകയും ആണ്ടുതോറുമുണ്ടാകുന്ന കൂടുതൽ വരവിന്റെ പത്തിലൊന്നു് പാരിതോഷികമായി കൊടുക്കാമെന്നു വ്യവസ്ഥചെയ്കയും ചെയ്തു. രണ്ടു പിള്ളമാരെയും രണ്ടു ശിപായിമാരെയും കാര്യസ്ഥന്റെ സഹായത്തിനായും നിയമിച്ചു. കുടുംബംവക കണക്കുകളും പ്രമാണങ്ങളും എല്ലാമുണ്ടാക്കേണ്ട ജോലി ഇതുവരെ ആരംഭിച്ചിരുന്നില്ല. അതെല്ലാം കുമാരദാസ് ഭരമേററിരുന്നു.

പിള്ളമാരും ശിപായിമാരുമൊരുമിച്ചു കുമാരദാസ് ഒരു പക്ഷത്തിനിടയിൽ തേനഴിയത്തെ സകല നിലങ്ങളും പുരയിടങ്ങളും ചേരിക്കൽ വസ്തുവും ഓടിച്ചൊന്നു പരിശോധിക്കയാണു് ആദ്യമായി ചെയ്തതു്. ആയിരം ഏക്കർ ചേരിക്കലും, മൂന്നൂറേക്കർ നിലവും, ഇരുനൂറേക്കർ തെങ്ങിൻപുരയിടവുമായിരുന്നു തേനഴിയത്തേക്കുണ്ടായിരുന്നതു്. ചേരിക്കലിൽ നൂറേക്കർ റബ്ബറും, നൂറേക്കർ കുരുമുളകു കൃഷിയുമുണ്ടായിരുന്നു. ബാക്കിമുഴുവൻ മരച്ചീനി കിഴങ്ങു് കാച്ചിൽ ചേന മുതലായ കൃഷിക്കാണുപയോഗിച്ചിരുന്നതു്. എന്നാൽ അതിലെ ആദായം ശരിക്കു തേനഴിയത്തേക്കു കിട്ടിയിരുന്നില്ല. ഏകദേശം ഇരുനൂറു കുടികൾ ഈഴവരും പുലയരും മററുമായി ഈ ഭൂമികളിൽ നിവസിച്ചിരുന്നു. അവരിൽ ഏറിയകൂറും കള്ളന്മാരും അക്രമികളുമായിരുന്നു. അതൊന്നും വകവയ്ക്കാതെ കുമാരദാസ് കർശനമായ ചില വ്യവസ്ഥകൾ ചെയ്തു. എന്നാൽ അടുത്തപ്രാവശ്യം അവിടെ ചെന്നപ്പോൾ ഒന്നും ശരിക്കു പാലിച്ചതായി കണ്ടില്ല. പുതിയ കാര്യസ്ഥന്റെ ഭാവംമാറി. കുടിയിറക്കു്, പുരപൊളി, അടിമുതലായ കൈയ്യേററങ്ങളിൽ പ്രവേശിക്കുവാൻ അദ്ദേഹം ഒട്ടും അധൈര്യപ്പെട്ടില്ല. തേനഴിയം സഹോദരന്മാരുടെ പിന്തുണയിലും പ്രേരണയിലും എതിർത്തുനിന്ന ചില മുഷ്കന്മാരെ ഒററയടിക്കു കുനിട്ടുവിക്കത്തക്ക കരുത്തും അഭ്യാസഗുണവും കുമാരദാസ് പ്രദർശിപ്പിച്ചപ്പോൾ എവിടെയും അടക്കം കണ്ടുതുടങ്ങി. ചിലർ പോലീസിൽ പരാതിപ്പെടാൻ പ്രേരിതരായെങ്കിലും പുറകെ അവർ മോഷണക്കേസിൽ കുടുങ്ങുകയും വേതനശൂന്യരാവുകയും ചെയ്യുമെന്നുള്ള ഭീഷണി അവരെ നിരാശപ്പെടുത്തി. എന്തിനു മൂന്നാം മാസംമുതൽ പതിനായിരത്തിൽ കൂടുതൽ തേങ്ങ ഇടീൽ ഉണ്ടായിട്ടില്ലാത്തിടത്തു് മുപ്പതിനായിരം നാൽപതിനായിരം എന്നിങ്ങനെ എണ്ണം കയറിത്തുടങ്ങി. കുടിയാനവന്മാരെല്ലാം പണ്ടത്തെ മര്യാദക്കാരായി. കുമാരദാസ് ശരി കാര്യസ്ഥനെന്നു സകലരാലും സംപൂജിതനുമായി.

തേനഴിയത്തെ വലയംചെയ്തു് നാലു കരകളാണുണ്ടായിരുന്നതു്. ആ നാലുകരകളിലായിട്ടായിരുന്നു തേനഴിയത്തെ നിലം പുരയിടങ്ങൾ അധികവും. ആ നാലു കരകൾക്കും ഉടമസ്ഥാവകാശമുള്ളതായി കാര്യോട

ത്തുകാവ് എന്നൊരു ഭദ്രകാളിക്ഷേത്രമുണ്ടായിരുന്നു. അതു നശിച്ചു നാനാവിധമായിട്ടായിരുന്നു കിടന്നിരുന്നതു്. ആ കാവിനടുത്തു് ഒരാൾ ഒരു പ്രൈമറിസ്കൂൾ നടത്തിക്കൊണ്ടിരുന്നു. ഇവയായിരുന്നു അവിടുത്തെ പൊതുസ്ഥാപനങ്ങൾ. അവ രണ്ടും നന്നാക്കണമെന്നുദ്ദേശിച്ചു് കുമാരദാസ് കരക്കാരെ ആസകലം കാവിൽ വിളിച്ചുകൂട്ടി. സുപ്രസിദ്ധനായിത്തീർന്നിരുന്ന തേനഴിയത്തു കാര്യസ്ഥന്റെ നേതൃത്വം ആ ദിഗ്വാസികളെല്ലാം സസന്തോഷം സ്വീകരിച്ചു കാവിൽ വന്നുകൂടി. ക്ഷേത്രം നന്നാക്കുക, വിദ്യാലയം വളർത്തുക, വായനശാല തുറക്കുക, ഒരു ശരികരയോഗസംഘടന ആ നാലുകരയുടെയുംകൂട്ടായും പ്രത്യേകമായും ഉണ്ടാക്കുക എന്നീ നാലു ചിന്താവിഷയങ്ങളായിരുന്നു യോഗാദ്ധ്യക്ഷനായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ട കുമാരദാസ് സദസ്സമക്ഷം അവതരിപ്പിച്ചതു്. അതെല്ലാവരും അംഗീകരിച്ചു. അതിലേക്കാവശ്യമായ പണത്തിന് ഇരുപതു തെങ്ങിന് ഒരു തേങ്ങവീതവും, ഇരുപതു കൊടിക്ക് ഒരു കൊടിവീതവും, ഇരുപതു കവുങ്ങിന് ഒരു കവുങ്ങുവീതവും, നൂറുപറ നെല്ലിൽ കുറഞ്ഞ വരവുള്ളവർ ഓരോ പറ നെല്ലുവീതവും, നൂറുപറ നെല്ലിൽ കൂടുതൽ വരവുള്ളവർ രണ്ടുപറ നെല്ലുവീതവും ആയിരപ്പറനെല്ലിൽ കൂടുതൽ വരവുള്ളവർ മൂന്നുപറനെല്ലുവീതവും, ഈ വകയൊന്നുമില്ലാത്തവർ മററു കൃഷിഫലങ്ങൾ ഇരുപതിനൊന്നുവീതവും കരയോഗത്തിനു കൊടുക്കണമെന്നു തീരുമാനിച്ചു. ഈ കണക്കനുസരിച്ചു് പ്രതിവർഷം ഏകദേശം 1500 പറ നെല്ലും, 25000 നാളികേരവും, ഒരുലക്ഷം പാക്കും, മൂന്നു കണ്ടി മുളകും, മററു കൃഷിവിഭവങ്ങളിൽ കുറഞ്ഞതു് ഇരുനൂറു രൂപയും തേനഴിയത്തുനിന്നു തന്നെ കൊടുക്കേണ്ടതായി വരുമെന്നും, അവയെല്ലാം കൂടി വിലവച്ചാൽ മൂവായിരത്തിൽപരം രൂപ വരുമെന്നും കുമാരദാസ് പറഞ്ഞപ്പോൾ സദസ്സ് ഹർഷാരവം മുഴക്കി. നാലുകരയ്ക്കും പ്രത്യേക യോഗങ്ങളും, പിരിവിനുള്ള വ്യവസ്ഥകളും, ക്ഷേത്രംപണിക്കും ഒരു ഇംഗ്ലീഷ് സ്കൂൾ പണിക്കും അതിനോടുചേർന്ന് ഒരു വായനശാല പണിക്കുമുള്ള ഏർപ്പാടുകളും പൂർത്തിയാക്കി യോഗം പിരിഞ്ഞു.

അന്നു രാത്രിതന്നെ നാട്ടുകാരുടെ യോഗവിവരങ്ങളും മൂവായിരത്തിൽ പരം രൂപ പ്രതിവർഷം തേനഴിയത്തുനിന്നു കൊടുക്കുമെന്നു കുമാരദാസ് ഏറേറിരിക്കുന്ന വിവരവും മററും പത്മനാഭപിള്ള രാജമ്മയെ അറിയിച്ചു. ഇപ്പോൾ കുടുംബത്തിനകത്തെ ഭരണത്തിനു മാത്രം നിയുക്തനായിരിക്കുന്ന ആ യുവാവിനു തന്റെ സേവാമൂർത്തിയുമായി സദാ അടുത്തു പെരുമാറുന്നതിനു സൗകര്യം കിട്ടിയതിൽ സന്തോഷമുണ്ടെങ്കിലും, ഇന്നും തനിക്കപ്രാപ്യയായി അകന്നു നിൽക്കുന്ന ആ ആദർശവനിതയുടെ ആദരവിനു പാത്രമായി തറവാട്ടുഭരണം വളരെ സമർത്ഥമായി നടത്തുന്ന കുമാരദാസിനോടു വലിയ അസൂയയും വിരോധവും ഉണ്ടായിരുന്നു. പത്മനാഭപിള്ളയുടെ തോതിലുള്ള ഒരു ചെറു കുടുംബത്തിന്റെ വൻ സമ്പാദ്യത്തെക്കാൾ വമ്പിച്ച സ്വത്തു തേനഴിയത്തുനിന്നു കുഞ്ഞമ്മയുടെ അനുവാദംകൂടാതെ പ്രതിവർഷം കൊടുക്കുമെന്നേററതു കുടുംബക്ഷയഹേതുകമായ ഒരു കൃത്യവിലോപമായിട്ടായിരുന്നു ആ യുവാവു വിചാരിച്ചതു്. എന്നാൽ രാജമ്മയാകട്ടെ അതേപ്പററി ഒരു അഭിപ്രായവുംപറഞ്ഞില്ല. മീററിങ്ങിന്റെ വിവരങ്ങൾ അവർ വിശദമായി ചോദിച്ചറിക മാത്രമേ ചെയ്തുള്ളൂ. അതിനാൽ പത്മനാഭപിള്ള നിരാശയോടെ മടങ്ങി.

പിറേറദിവസം രാവിലെ കുമാരദാസ് തേനഴിയത്തു കുഞ്ഞമ്മയെ കണ്ടു തലേദിവസം നടന്ന സംഭവങ്ങൾ അറിയിച്ചു. രാജമ്മയും കുമാരദാസും അത്യാവശ്യകാര്യങ്ങളുണ്ടെങ്കിലേ കണ്ടു കാര്യം പറയാറൊള്ളൂ. അവരുടെ സന്ദർശനാവസരങ്ങൾ വളരെ സുഖപ്രദമായിട്ടാണു് രണ്ടുപേരും ഗണിച്ചിട്ടുള്ളതു്. എന്തെന്നാൽ രണ്ടുപേരും പ്രഥമസന്ദർശനാവസരത്തിൽതന്നെ പരസ്പരം അങ്കുരി

ച്ച ആകർഷകത്വം ഉറച്ച പ്രേമമായിവളൎന്നിരുന്നു. വളരെ അടക്കവും ഒതുക്കവും തന്റേടവുമുള്ള പ്രൗഢസുന്ദരീമണിയായ ഒരു മഹാപ്രൌഢിയുടെ മനോഗതി അറിയാതെ മുന്നോട്ടൊരടിവയ്ക്കുവാൻ കുമാരദാസ് ധൈൎയ്യപ്പെട്ടില്ല. അതുപോലെതന്നെ കുമാരദാസ് ആരെന്നുപോലും സൂക്ഷ്മമായറിഞ്ഞിട്ടില്ലാത്ത രാജമ്മയ്ക്കു കുമാരദാസിനോടുള്ള തന്റെ മനോഗതി കഴിയുന്നതും ഗോപനം ചെയ്കയേ തരമുണ്ടായിരുന്നുള്ളു. എങ്കിലും തേനഴിയത്തുണ്ടാക്കുന്നതും കാഴ്ചവരുന്നതുമായ വിശേഷപ്പെട്ട ആഹാരപദാൎത്ഥങ്ങളുടെ ഒരുപകച്ച എന്നും കാൎയ്യസ്ഥനയച്ചു കൊടുത്തുകൊള്ളണമെന്നു പൊതുവേ പറഞ്ഞിട്ടുള്ളതുകൂടാതെ അക്കാൎയ്യം എന്നും രാജമ്മ അന്വേഷിക്കാറുമുണ്ടായിരുന്നു. ഒരു സംഗീതരസികനായിരുന്ന കുമാരദാസ് കൂടെക്കൂടെ വരുത്താറുണ്ടായിരുന്ന പുതിയ ഗ്രാമഫോൺ പ്ലേറ്റുകളും നല്ല പുസ്തകങ്ങളും രാജമ്മയ്ക്ക് അയച്ചുകൊടുക്കാറുമുണ്ടായിരുന്നു. അവ സസന്തോഷം ആ യുവതി സ്വീകരിക്കയും വായിക്കയും ചെയ്തിരുന്നു. ഇതിൽനിന്നെല്ലാം കാൎയ്യസ്ഥനിൽ കുഞ്ഞമ്മ അനുരക്തയെന്ന് അകത്തും പുറത്തും ഒരു ചെറു സംസാരമുണ്ടായെങ്കിലും അതിനു പ്രചാരം കൊടുക്കത്തക്ക യാതൊന്നും അവരുടെ പെരുമാററത്തിൽ കാണാഴികയാൽ അതു തന്നത്താൻ അടങ്ങുകയാണുണ്ടായതു്. അക്കഥ രാജമ്മയും കുമാരദാസും അറിഞ്ഞിട്ടില്ലെങ്കിലും അവരുടെ അപൂൎവ്വസന്ദൎശനാവസരങ്ങൾ വളരെ ആഹ്ലാദത്തോടുകൂടിയാണ് അവരിരുവരും സ്വാഗതം ചെയ്യാറുള്ളതു്.

രാ—അപ്പോൾ തേനഴിയത്തു നിന്ന് എന്തുകൊടുക്കേണ്ടതായി വരുമെന്നാണ് വിചാരിക്കുന്നതു്.

കു—ഇന്നലെരാത്രി ഞാൻ കണക്കുകൂട്ടി. ഏകദേശം നാലായിരം രൂപ പ്രതിവൎഷം വരും.

രാ—അതൊരു വലിയ തുകയല്ലെ.

കു—അതെ.

രാ—ഒരു കുടുംബത്തിൽ നിന്ന് ഇത്രവലിയ തുക ആണ്ടുതോറും കൊടുക്കാമെന്നേല്ക്കുന്നതു് ശരിയാണോ.

കു—ഓരോ കുടുംബത്തിന്റെയും പ്രധാന ആദായത്തിന്റെ ഏകദേശം ഇരുപതിലൊരംശം കൊടുക്കണമെന്നാണു നിശ്ചയം. ഇതിൽ സങ്കടം ചിലവു കഴിഞ്ഞു മിച്ചമില്ലാത്ത കൂട്ടൎക്കാണ്.

രാ—എങ്കിലും ഒരുകുടുംബത്തിൽനിന്നു ഇത്രവലിയ തുക കൊടുക്കുന്നതിനെപ്പററി മററുള്ളവർ ആക്ഷേപം പറകയില്ലയൊ.

കു—മററുള്ളവർ ആക്ഷേപിക്കയല്ല പ്രശംസിക്കയേ ചെയ്കയൊള്ളു.

രാ—ഞാൻ ആ അൎത്ഥത്തിലല്ല ചോദിച്ചതു്.

കു—ഇവിടുത്തെ സംശയം എനിക്കു മനസ്സിലാകുന്നില്ല.

രാ—ഈ കുടുംബത്തിന്റെ യഥാൎത്ഥ അവകാശി എന്റെ അച്ഛൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ അനന്തരവനാണ്. അനന്തരവൻ മരിച്ചുപോയി എന്നാണു ജനസംസാരമെങ്കിലും അതൊന്നും വളരെ അടിസ്ഥാനമുള്ളതല്ല. അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്നും ഒരുകാലത്തു തിരിച്ചുവന്നുവെന്നുംവരാം. അന്ന് ഈ സ്വത്തുക്കളെല്ലാം ഞാൻ അദ്ദേഹത്തിനു വിട്ടുകൊടുക്കണം. അതുകൊണ്ടുനമ്മുടെ സംശയമൊന്നും ഇപ്പോൾപുറത്തുപറയേണ്ട ആവശ്യമില്ലെങ്കിലും, ഒരു ട്രസ്റ്റി എന്ന നിലയിലുള്ള ഭരണമാണു നാം നടത്തേണ്ടതു്. ആ നിലയ്ക്കുശരിയാണോ എന്നാണു ഞാൻ ചോദിച്ചതു്.

കു-ആ നിലയ്ക്കും കരയോഗ നിശ്ചയമനുസരിച്ചുള്ള പ്രവൃത്തി ഒരിക്കലും ആക്ഷേപാൎഹമാകുന്നതല്ല. മരിച്ചുപോയി എന്നു പറയുന്നയാൾ തിരിച്ചുവന്നാൽ ഈ സ്വത്തെല്ലാം വിട്ടുകൊടുക്കണമെങ്കിൽ പിന്നെ ഇവിടെ എന്തുചെയ്യും.

# ആഹ്വാനം.

എം. എസ്. ചന്ദ്രശേഖരവാര്യർ, തൊടുപുഴ.

(കേക)

വെളിച്ചം, വെളിച്ചമാണിന്നിമേ, ലതാ, പൊന്നിൽ-
കുളിച്ച പൂവാൾതൻ പുഞ്ചിരി കാണുന്നില്ലേ?
ഉണരാൻ മടിക്കുന്നതെന്തുനീ, ശകുന്തങ്ങ-
ളിണചേർന്നിതാ ഗാനപീയൂഷം പൊഴിക്കുന്നു!
ഇളയിൽ ദിവ്യാനന്ദകാന്തി ചിന്തുമ്പോഴും, ഘോര-
മിരുളിൻ പയോധിയിൽ നീന്തുവാനെന്തേ, മോഹം?
ആഗമിച്ചീടുന്നൊരാ പാവനപ്പുലരിത്തേരിൽ
ബ്ഭാഗധേയത്തിൻ കൊടിക്കൂറയും കാണുന്നില്ലേ?
കാഹളം മുഴങ്ങുന്നു, സുപ്രഭാതത്തിൻ മണി-
മോഹനമഞ്ജീരശിഞ്ജിതംപോലെ പാരിൽ!
സ്തബ്ധരാം സഖാക്കളേ ശക്തിയേകുവാൻ, ദീന-
ചിത്തരാമവശന്മാർക്കാത്മചോദനം നൽകാൻ,
മന്ദതയെല്ലാം വെടിഞ്ഞെഴുന്നേൽക്കണം, പോണം,
ഒന്നുചേർന്നണിനിരന്നങ്ങിനെ; വേഗം വേഗം!!

---

രാ— എന്തുചെയ്യാനാണ്. വല്യവരുടെയും സ്വത്തിൽ എനിക്കെന്തവകാശം. വലിയച്ഛന്റെ മക്കളുടെ ഗതിതന്നെ എനിക്കും. അവർക്കു സ്വന്തമായ ഭവനവും കുറച്ചു സ്വത്തുമുണ്ട്. എനിക്ക് അതുപോലുമില്ലെന്ന വ്യത്യാസമേയുള്ളു.

ക— അങ്ങനെയാണെങ്കിൽ നാം നേരത്തെ ഒന്നു കരുതി കണക്കുകളെഴുതുന്നതല്ലേ നല്ലതു്.

രാ— അതെങ്ങനെ.

ക— ആദായം ഇപ്പോഴുള്ളതുമുഴുവൻ കണക്കിൽ കൊള്ളിച്ചിട്ടാവശ്യമില്ല. ഒരു നല്ലതുക നമുക്കു പ്രത്യേകം കരുതുന്നതു രക്ഷയാണ്.

രാ— എന്റെ ഈ ഏകജഡം സംരക്ഷിക്കാൻ ഞാൻ കളവുചെയ്യണമെന്നോ. അതൊരിക്കലും പാടില്ല.

ക— പരമാർത്ഥത്തിൽ നാം കളവല്ല ചെയ്യുന്നതു്. ഇവിടുത്തെ ഭരണസാമർത്ഥ്യം കൊണ്ടുണ്ടാകുന്ന വർദ്ധിതാദായത്തിന്റെ ഒരു നല്ല അംശത്തിന് ഇവിടുത്തേക്കവകാശമുണ്ട്. അതറിഞ്ഞുതരുന്നില്ലെങ്കിൽ എടുക്കുന്നതു തെറ്റല്ല.

രാ— അതു ശരിയായിരിക്കാം. എങ്കിലും എനിക്കതിഷ്ടമല്ല. അതൊരു വഞ്ചനയായി എന്റെ മനസ്സിനെ സദാ അസുഖപ്പെടുത്തിക്കൊണ്ടിരിക്കും.

ക— അതുകൊണ്ടാണോ ഇവിടെ ആഭരണമൊന്നും ധരിക്കാതിരിക്കുന്നതു്.

രാ— അതുകൊണ്ടുമാത്രമല്ല. അതൊരു പ്രധാനകാരണം എന്നേയുള്ളു.

ക— ഈ വ്രതം, അഥവാ അച്ഛന്റെ അനന്തരവന്റെ കാത്തിരുപ്പ് എത്രനാളത്തേക്കെന്നു നിശ്ചയിച്ചിട്ടുണ്ടോ.

രാ— ഒന്നും ഞാൻ നിശ്ചയിച്ചിട്ടില്ല. ശരിയെന്ന് അപ്പോഴപ്പോൾ തോന്നുന്നതു പ്രവർത്തിക്കുക എന്നേയുള്ളു. അപ്പോൾ ഒരു ട്രസ്റ്റിഭരണത്തിന് ആക്ഷേപാർഹമല്ല ഈ ആലോചന എന്നാണോ അഭിപ്രായം.

ക— ഒരിക്കലുമല്ല. കരന്യായം അനുസരിക്കാത്ത ഒരു കുടുംബവും ഉണ്ടായിരിക്കാൻ പാടില്ല.

രാ— എന്നാലിഷ്ടംപോലെയാകട്ടെ.

# അമ്മമാരേ!

(പി. എം. സരോജിനീദേവി, ബി. ഏ. ബി. എൽ.)

നിങ്ങളുടെ കുട്ടികൾ എങ്ങിനെയുള്ളവരായിരിക്കണമെന്നാണ് നിങ്ങളുടെ ആഗ്രഹം. നിങ്ങളുടെ ഇഷ്ടാനുസരണം അവരെ ദുഷ്ടന്മാരോ ശിഷ്ടന്മാരൊ, ബുദ്ധിമാന്മാരോ മന്ദന്മാരോ, പണ്ഡിതന്മാരൊ പാമരന്മാരോ, ശക്തന്മാരോ ദുർബലരോ, ദേശാഭിമാനികളൊ ദേശദ്രോഹികളൊ, ആക്കിത്തീൎക്കുവാൻ നിങ്ങൾക്കു സാധിക്കും. അതിനൊരുപായം വേണമെങ്കിൽ മനസ്സിലാക്കിക്കൊൾക. എന്നാൽ അവരെ രണ്ടും സെററിൽ ഉൾപ്പെടുത്താൻ ശ്രമിക്കരുതെ. എന്നപേക്ഷിക്കുകൂടി ചെയ്യുന്നു.

മനശ്ശാസ്ത്രമാണ് ഇക്കാൎയ്യത്തിൽ നിങ്ങളുടെ മാൎഗ്ഗദൎശി. അതുപറയുന്നു: നിങ്ങളുടെ കുഞ്ഞിന്ന് അസാമാന്യ ബുദ്ധിശക്തിയാണൊ ആവശ്യം? ശരി. അതിന്നു വിഷമമില്ല. നിങ്ങൾ അതിന്നുവേണ്ടി ആഗ്രഹിക്കുക. ശക്തിയായി ആഗ്രഹിക്കുക. കുഞ്ഞു നിങ്ങളുടെ വയററിൽ ജന്മമെടുക്കുന്നതു മുതൽക്കെ, അതിന്നും മുൻപുമുതൽക്കു തന്നെയൊ ആഗ്രഹിക്കുക. ഒരതിബുദ്ധിമാന്റെ മാതൃകയെ ആധാരമാക്കി ആഗ്രഹിക്കുക. നിങ്ങളുടെ കുഞ്ഞു ബുദ്ധിമാനായിത്തീരും. അതെ, മാനസികവും കായികവുമായ അസാമാന്യ ശക്തിയാണൊ നിങ്ങളുടെ കുഞ്ഞിനാവശ്യം? എന്നാൽ അതിന്നും വിഷമമില്ല. അപ്രകാരമുള്ള ശക്തികളുടെ ധ്യാനത്തോടുകൂടിയൊ അപ്രകാരമുള്ള ശക്തികൾ ഉണ്ടെന്നു നിങ്ങൾ വിചാരിക്കുന്ന ഒരാളെ അടിസ്ഥാനമാക്കിയൊ ആഗ്രഹിച്ചാൽ മതിയാകും. കുഞ്ഞ് അതീവ ദേശാഭിമാനിയാകണമെന്നാണൊ നിങ്ങളുടെ ആഗ്രഹം? വളരെ നല്ലതു്. നിങ്ങൾക്കു അതിന്നു പല മകുടോദാഹരണങ്ങളും ഈ നാട്ടുത്തന്നെ തന്നിട്ടില്ലെ? അവരുടെ പ്രവൃത്തികളെ ആധാരമാക്കി നിങ്ങളും ആഗ്രഹിക്കുക. ദേശാഭിമാന ഗാനങ്ങൾ പാടി നിങ്ങളുടെ കുഞ്ഞിനെ ഉറക്കുക. കുറച്ചു പ്രായമായതിൽ പിന്നെ അതിനെ രസിപ്പിക്കുന്നതിന്നു ദേശാഭിമാനികളുടെ ജീവചരിത്രകഥകൾ പറഞ്ഞു കൊടുക്കുക. തീൎച്ചയായും നിങ്ങളുടെ കുഞ്ഞും ഒരുമികച്ച ദേശാഭിമാനിയായിത്തീരും. ഇതൊന്നുമല്ല, ഭാവിയിൽ ഒരു മഹാ ഭക്തനൊ, സിദ്ധനൊ, വേദാന്തിയൊ ആകുന്ന കുഞ്ഞിനെയാണ് നിങ്ങൾക്കാവശ്യമെങ്കിൽ, കിടക്കുന്നില്ലെ, എത്രയെത്ര ബുദ്ധിമാന്മാരുടെയും ആചാൎയ്യന്മാരുടെയും മാതൃകകൾ, നമ്മുടെ ഇൻഡ്യാചരിത്രത്തിൽത്തന്നെ. നിങ്ങളുടെ കുഞ്ഞ് അവരോടു തുല്യനാകണമെന്ന്, അവരുടെ ജീവിതവൃത്തികളെ മാതൃകയാക്കി നിങ്ങളും ആഗ്രഹിക്കുക. ഈശപരസ്തോത്രങ്ങളും തത്വജ്ഞാനസമ്പൂൎണ്ണങ്ങളായ ഗീതങ്ങളും നിങ്ങളുടെ കുഞ്ഞിന്റെ താരാട്ടാക്കുക. നിങ്ങളുടെ ഈ ആഗ്രഹവും സാധിക്കും. ഇതിലൊക്കെ ആകർഷകമായ മറെറാരു കാൎയ്യം. നിങ്ങളുടെ കുഞ്ഞിന്നു സൗന്ദൎയ്യം വേണമൊ? എന്നാൽ എത്രയും നേരത്തെ കുഞ്ഞു രൂപമെടുക്കുന്നതിന്നു മുമ്പു മുതൽക്കു തന്നെ അതിന്നുവേണ്ടി കലശലായി ആഗ്രഹിച്ചാൽ മതിയാകും. വെറുതെ, കുഞ്ഞിന്നു സൗന്ദൎയ്യം വേണം, സൗന്ദൎയ്യം വേണം, എന്നു വിചാരിച്ചാൽ പോരാ. ഏതുമാതിരിയുള്ള സൗന്ദൎയ്യം എന്ന്, ആ സൗന്ദൎയ്യത്തിന്റെ രൂപം മനസ്സിൽ ധ്യാനിച്ചുകൊണ്ടു വേണം ആഗ്രഹിക്കുവാൻ. ഇങ്ങനെ നിങ്ങളുടെ കുഞ്ഞിനെ സംബന്ധിച്ചിടത്തോളം നല്ലതോ ചീത്തയോ ആയി നിങ്ങൾക്കു വരുത്തിക്കൂ

ടുവാൻ ഒന്നുംതന്നെ അസാധ്യമായിട്ടില്ലെന്നാണ് മനഃശ്ശാസ്ത്രം പറയുന്നതു്. എന്തിന് കുഞ്ഞിനെ ഒരു വിദഗ്ദ്ധനായ എഞ്ചിനീയറോ, ഡാക്ടറോ, ലായറോ കൂടി ആക്കിത്തീർക്കുവാൻ വേണമെങ്കിൽ നിങ്ങൾക്കു സാധിക്കുമെന്നാണതിൻെറ അഭിപ്രായം. പക്ഷെ, നിങ്ങളുടെ ആഗ്രഹത്തിൻെറ ശക്തിയും ആ ശക്തിയെ ഏകാഗ്രമായി വിനിയോഗിക്കുവാനുള്ള നിങ്ങളുടെ മനഃശ്ശക്തിയും അനുസരിച്ചായിരിയ്ക്കും നിങ്ങളുടെ ഫലപ്രാപ്തിയും എന്നുമാത്രം. ഇവിടെയാണൊരു വിഷമം. സാധാരണക്കാരുടെ ആഗ്രഹങ്ങൾ വെറും "ഉണ്ടെങ്കിൽ കൊള്ളാമായിരുന്നു", "കിട്ടിയാൽ കൊള്ളാമായിരുന്നു", അല്ലെങ്കിൽ, "ഉണ്ടെങ്കിൽ എത്ര നന്നായിരുന്നു" ഇപ്രകാരമുള്ള ഒരവസ്ഥയിൽ മാത്രമേ എത്തുന്നുള്ളു. ആഗ്രഹസിദ്ധിയ്ക്കുവേണ്ടിയുള്ള ഉൾപ്പിടപ്പ്, ആ ആഗ്രഹസിദ്ധിയ്ക്കുശേഷംമാത്രം അടങ്ങുന്ന ഹൃദയത്തിൻെറ ഒരു കത്തിക്കാളൽ ഇതു സാധാരണക്കാരിൽ അപൂർവ്വമാണ്. അതുകൊണ്ടാണ് നമ്മുടെ ആഗ്രഹങ്ങൾ മിക്കതും നിറവേറാതെ പോകുന്നതു. അല്പമായ ആഗ്രഹം അല്പമായ ഫലത്തെ മാത്രമേ ഉണ്ടാക്കിത്തരുന്നുള്ളു. അതിയായി ആഗ്രഹിയ്ക്കാനുള്ള ശക്തി സാധാരണക്കാരിൽ അപൂർവവുമാണ്. ഏതായാലും കഴിയുന്നതും ശ്രമിച്ച് ഒന്നു പരീക്ഷിച്ചുനോക്കുന്നതിൽ തെററില്ല. ആഗ്രഹം അതിശക്തിയേറിയ ഒരു വികാരമാണ്. സകല ജീവജാലങ്ങളുടേയും സകല പ്രവൃത്തികൾക്കും കാരണഭൂതമായ ഒരു മഹച്ഛക്തിയാണതു്. ആഗ്രഹം ചിത്തയാണ്, അതു നിങ്ങളെ വഴിതെററിക്കും, അതിനെ ഉപേക്ഷിക്കുക, എന്നുപദേശിക്കുന്ന മഹാന്മാരും ഒരാഗ്രഹത്തിൽപെട്ടു വലയുന്നവർ തന്നെ. അതായതു് ആഗ്രഹങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കണമെന്നുള്ള ആഗ്രഹം. മായയിൽനിന്നു മുക്തിനേടി സാക്ഷാത്തായതു് യാതൊന്നോ, അതിൽ എത്തിച്ചേരണമെന്നുള്ള ആഗ്രഹം. അതുകൊണ്ട് ആഗ്രഹം നിഷിദ്ധമെന്നും ലേഖനം ഒരു ദുരുപദേശമെന്നും വിചാരിച്ചു തള്ളിക്കളയരുതു്.

ഇപ്പറഞ്ഞതിൻെറ എല്ലാം അടിസ്ഥാനം എന്താണ്. വികാരങ്ങളും വിചാരങ്ങളും മിക്കവാറുംപേർ മനസ്സിലാക്കിയിട്ടില്ലാത്തതുപോലെ ആകൃതിയും പ്രകൃതിയുമുള്ള വസ്തുക്കളാണ്. വിചാരത്തിനു ശക്തിയില്ല. വികാരം അതിശക്തവുമാണ്. വിചാരശക്തി വിദ്യുച്ഛക്തിപോലെ ഒരു സ്ഥൂലശക്തിയാണ്. അതിൻെറ പ്രവൎത്തനവും വിദ്യുച്ഛക്തിയുടേതുപോലെതന്നെ. വൈദ്യുതകറൻറുകൾപോലെ തന്നെ വികാരശക്തിയും കറൻറുകളെ ഉണ്ടാക്കുന്നു. ചൂടോ വെളിച്ചമോ വായുവിൽ കൂടി സഞ്ചരിക്കുന്ന രീതിയിൽതന്നെ ഈ കറൻറുകളും അവരുടെ ഉദ്ദിഷ്ടസ്ഥാനത്തേയ്ക്കു് (വികാരം ആരെ ഉദ്ദേശിച്ചാണോ പുറപ്പെട്ടിട്ടുള്ളതു് അവിടേയ്ക്കു്) സഞ്ചരിച്ച് അവയ്ക്കു കാരണഭൂതമായ വികാരത്തെത്തന്നെ അവിടെയും ഉദ്ദീപിപ്പിക്കുന്നു. ഉദാഹരണമായി കുഞ്ഞൊരു മഹാധൈര്യശാലിയാകണമെന്നുള്ള അമ്മയുടെ ആഗ്രഹമാകുന്ന വികാരശക്തി ഉദ്ദീപിപ്പിക്കുന്ന കറൻറുകൾ കുഞ്ഞിൻെറ മനസ്സിലേക്കു പാഞ്ഞുചെന്നു് അവിടെയും അതേ ആഗ്രഹത്തെ ഉണ്ടാക്കുന്നു. ആ ആഗ്രഹസിദ്ധിക്കനുരൂപമായവിധത്തിൽ ക്രമേണ അതിനെക്കൊണ്ടു പ്രവൎത്തിപ്പിക്കുന്നു. ഉല്പാദകൻെറ വികാരത്തിൻെറ ശക്തിയും മനശ്ശക്തിയും അനുസരിച്ചിരിക്കും ഈ കറൻറുകളുടെ ശക്തിയും അവ ഉദ്ദിഷ്ടസ്ഥാനത്തുചെന്നുണ്ടാക്കുന്നഫലവും. ഇപ്രകാരം വളരെവിദൂരസ്ഥാനങ്ങളിലും വികാരങ്ങൾക്കു പാഞ്ഞെത്തുവാൻ കഴിയും. ടെലഫോൺ, ടെലഗ്രാഫ് എന്നപോലെതന്നെ ഈ വികാരവിനിമയസമ്പ്രദായത്തിന് ടെലമെൻറേഷൻ എന്നാണ് ഒരു മാനസികശാസ്ത്രവിദഗ്ദ്ധൻ പേരുകൊടുത്തിട്ടുള്ളതു്. ഉദ്ദിഷ്ടസ്ഥാനത്തേക്കു

# നായർസർവ്വീസ് സൊസൈററി പ്രസിഡണ്ടന്മാർ

| | | മെ. |
|---|---|---|
| 1. | കെ. കേളപ്പൻ ബി. എ. | 1090 |
| 2. | ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള ബി. എ. ബി. എൽ. | 1091 |
| 3. | വൈക്കം എൻ. രാമകൃഷ്ണപിള്ള ബി. എ. ബി. എൽ. | 1103 |
| 4. | എ. എസ്. ദാമോദരനാശാൻ ബി. എ. ബി, എൽ. | 1104 |
| 5. | പുതുപ്പള്ളി എസ്. കൃഷ്ണപിള്ള ബി. എ. ബി. എൽ. | 1113 |
| 6. | ജി. നാരായണപിള്ള ബി. എ. ബി. എൽ. | 1114 |
| 7. | കെ. പി. ഗോപാലമേനോൻ ബാറിസ്റ്റർ അററ് ലാ. | 1115 |
| 8. | ഡാക്ടർ കെ. പി. പണിക്കർ എം. ബി. ബി. എസ്. | 1116 |
| 9. | രാജ്യസേവാനിരതഃ കെ. ജി. പരമേശ്വരൻപിള്ള | 1118 |
| 10. | മന്നത്തു പത്മനാഭപിള്ള | 1121 |

ള്ള ദൂരം കൂടുംതോറും ഈ വികാരകറൻറുകളുടെ ശക്തി കുറഞ്ഞുവരുന്നതുപോലെ ദൂരം കുറയുംതോറും അവയുടെ ശക്തി കൂടുകയും ചെയ്യും. അതുപോലെതന്നെ ഈ വികാരകറൻറുകൾ ചെന്നെത്തുന്ന ആളിന്റെ മനസ്സിന്റെ പ്രതിരോധശക്തി (ഇതു മനഃശക്തിയുടെ ഫലമായിട്ടുള്ളതുതന്നെ)യും അവയുടെ ഫലപ്രാപ്തിയിൽ ഒരു പ്രധാനഘടകമാണു്. കൂടുതൽ മനഃശക്തിയും വികാരശക്തിയും തന്മൂലം മനസ്സിന്റെ പ്രതിരോധശക്തിയും ഉള്ള ഒരുവനെ തന്റെ വികാരങ്ങൾക്കധീനപ്പെടുത്തി തന്റെ ഹിതാനുവർത്തിയാക്കുന്നതു് സുസാദ്ധ്യമാണു്.

കുഞ്ഞുങ്ങൾക്കു പൊതുവെ, വികാരശക്തിയും മനശ്ശക്തിയും തീരെ കുറഞ്ഞ ഒരവസ്ഥയാണുള്ളതു്. കുഞ്ഞു് എത്രമാത്രം ചെറുപ്പമാണോ, അത്രമാത്രം അതിന്റെ മനസ്സിന്റെ പ്രതിരോധശക്തിയും കുറഞ്ഞിരിക്കും. അതുകൊണ്ടാണു് ചുററുപാടുമുള്ളവക്കു. പ്രധാനമായി അച്ഛനും അമ്മയ്ക്കും, അതിലും വിശേഷിച്ചു് കുഞ്ഞിന്റെ സന്തത സഹചാരിയായ അമ്മയ്ക്കു്, അതിനെ അവരുടെ ഹിതാനുസരണം വളർത്തുവാൻ കഴിയുന്നതു്. കുഞ്ഞു ഗർഭസ്ഥമായിരിക്കുമ്പോൾ അതമ്മയോടേററവും അടുത്തു സ്ഥിതിചെയ്യുന്നു. അതിന്റെ മനസ്സ് ഏററവും ദുർബ്ബലവുമാണു്.

ഈ സ്ഥിതിയിൽ അതിനെ സംബന്ധിച്ചുള്ള അമ്മയുടെ ആഗ്രഹങ്ങൾക്കു് പിന്നീടൊരിക്കലും ആക്കും സാധിക്കാത്ത വിധത്തിൽ ശക്തിയായി അതിനെ ബാധിച്ചു് അവയ്ക്കനുസരണമായി അതിന്റെ ആകൃതിയും പ്രകൃതിയും രൂപീകരിക്കുവാൻ സാധിക്കും. ഇതുകൊണ്ടു തന്നെയാണു് അമ്മമാരെ പ്രധാനമായി സംബോധന ചെയ്തു് ഈ ലേഖനം ഞാൻ എഴുതിയിട്ടുള്ളതു്.

അമ്മമാരെ, നിങ്ങളിൽ എത്ര മഹത്തായ ഒരു ശക്തിയാണു നിക്ഷിപ്തമായിരിക്കുന്നതെന്നു ഇതിൽനിന്നു നിങ്ങൾ മനസ്സിലാക്കുന്നോ? വീട്ടിനെ, സമുദായത്തെ, രാഷ്ട്രത്തെ, എന്നല്ല ലോകത്തെ തന്നെയും നന്നാക്കാനോ ചീത്തയാക്കാനോ ഉള്ള ശക്തി മററാരെയും അപേക്ഷിച്ചു് നിങ്ങൾക്കാണു കൂടുതൽ. നിങ്ങളുടെ പറച്ചിലും പ്രവൃത്തിയും കുഞ്ഞിന്റെ പിറവിയ്ക്കുശേഷം മാത്രമാണു് അതിനെ ബാധിക്കുന്നതു്. എന്നാൽ നിങ്ങളുടെ നല്ലതോ ചീത്തയോ ആയ വികാരങ്ങൾ നിങ്ങളുടെ ഗർഭാരംഭം മുതൽക്കു തന്നെ അതിനെ ബാധിച്ചു് അതിന്റെ രൂപീകരണം സാധിക്കുന്നു. നിങ്ങൾ നിങ്ങളുടെ ശക്തിയെ വേണ്ടുംവണ്ണം വിനിയോഗിക്കുക. നിങ്ങളുടെ അടുത്ത കുഞ്ഞുങ്ങളെ തീർച്ചയായും മിടുക്കന്മാരും കേമന്മാരുമാക്കുക.

# മഹാബലിയുടെ എഴുന്നള്ളത്ത്

(മുത്തൂർ രാഘവൻനായർ)

— ഗാഥ —

എന്തൊരാനന്ദമിക്കേരളം കാണുവാൻ
എത്തി മഹാബലി ചക്രവർത്തി
കൂടെത്തിരിച്ചുവോ പൂവിൽമാ,തെങ്കിലാ-
ശ്രീഹരിയിന്നു വിരഹിതന്നേ
നീതിയും പ്രീതിയും ഒത്തനൃപനെത്തിയാൽ
നാഥൻ പരിത്യക്തനെന്നുവന്നു.

2

അസുരവംശജനെങ്കിലും സൗഭാഗ്യ-
ഭാസുരം സമ്രാട്ടേ, ജീവിതം തേ
സത്യത്തിൻ തങ്കക്കിരീടവും ചൂടിയി-
പ്പൃഥ്വിയിലേക്കെഴുന്നള്ളിടുമ്പോൾ
താവകപാദാ[illegible] സകൗതുകം
പൂവറുക്കുന്ന കിടാങ്ങൾപോലും.

3

അദ്വൈതലോലുപം താവകജീവിതം
വിദ്യുത്പ്രഭാങ്കുരംപോലെ മിന്നി
ധർമ്മത്തിൻ കാഞ്ചനച്ചെങ്കോലുമേന്തിയി-
ദ്ധർമ്മഭൂവിങ്കലേക്കാഗമിയ്ക്കേ
പൗരാഭിമാനം വിളക്കുവയ്ക്കുന്നു, പുൽ-
മാടവും മേടയുമൊന്നുപോലെ.

4

പന്തിയിലന്നുനിൻ പാരിലെല്ലാടവും
ശാന്തിയും കാന്തിയും വീശിനിൽക്കെ,
വാമനനായ് വന്നൊരാ വാമനൻ തൻമുന്നിൽ
നിൻമൗലിതാനേ കുനിഞ്ഞുപോയ്
ഉന്നതിനേടുവാൻ താഴുക താഴുക
യെന്നല്ലീ കർമ്മവിളംബരം തേ.

5

മുക്കാലും കേരളം വിസ്മരിച്ചീല,നീ
മുപ്പാരിൽനാഥനായ് വാണകാലം
അന്നത്തെ സർവ്വസമത്വ വിചിന്തനം,
അന്നത്തെ സ്വാതന്ത്ര്യം, സാഹോദര്യം
വാനവർപോലും ക്ഷുഭിതരാ,യപ്പൊഴും
മാനസം താവകം വീതഖേദം.

6

വന്ദനം, സ്നേഹനിലയമേ, നിന്മണി-
സ്യന്ദനം ദൂരത്തുകാണവെ താൻ
ഭാർഗ്ഗവക്ഷേത്രത്തിൻകോവിൽതുറന്നു നിൻ-
ഭാവുകരൂപം പ്രതിഷ്ഠിക്കുവാൻ
പൂജ്യരെപ്പൂജിക്കയാണല്ലോ കേരള-
രാജ്യത്തിൻസംസ്കാരം പണ്ടു പണ്ടേ.

---

# ലോകഗതി.

ബ്രിട്ടീഷ് രാജ്യചരിത്രത്തിൽ ഇദംപ്രഥമമായി തൊഴിലാളി കക്ഷിക്കു ബ്രിട്ടീഷ് പാർലമെൻറിൽ പരിപൂർണ്ണ ഭൂരിപക്ഷം കിട്ടി അവർ മന്ത്രിഭരണച്ചുമതല ഭരമേററിരിക്കുന്നതു ഒരു വലിയ പരിവർത്തന ഘട്ടത്തെയാണു കുറിക്കുന്നതു്. 1924-ലും 29-ലും തൊഴിലാളിക്കക്ഷിക്കു ഭരണച്ചുമതല കിട്ടിയെങ്കിലും, അന്നവർക്കു പരിപൂർണ്ണ ഭൂരിപക്ഷമുണ്ടായിരുന്നില്ല. ലിബറൽസിന്റെ സഹായത്തോടുകൂടിയ ഒരു ഭൂരിപക്ഷമാണവർക്കുണ്ടാ

യിരുന്നതു്. ആ പിൻതുണ ലിബറൽസ് പിൻവലിച്ചതിന്റെ ഫലമായി 1924-ൽ പത്തു മാസത്തെ ഭരണത്തിനു ശേഷവും, 1929-ൽ ഏററവും വിഷമം പിടിച്ച രണ്ടു വർഷത്തിനു ശേഷവും തൊഴിലാളി മന്ത്രിസഭ തകർന്നുപോയി. എന്നാൽ ഇന്നു് ആരുടേയും പിൻതുണ തൊഴിലാളികൾക്കാവശ്യമില്ല.

* * *

കഴിഞ്ഞ അഞ്ചു വർഷമായി അതിസമർത്ഥനായ സമരനേതാവെന്നു പേരെടുത്തു യൂറോപ്പു യുദ്ധം ഭംഗിയായും വിജയമായും നയിച്ച മി. ചർച്ചിലിനു നേരിട്ട പരാജയം ഭയങ്കരവും ദയനീയവുമാണു്. യുദ്ധത്തിന്റെ പ്രധാനഘട്ടം കഴിഞ്ഞതേയുള്ളു. ജപ്പാൻ യുദ്ധം പിന്നെയും നടന്നുകൊണ്ടാണിരുന്നതു്. ആ യുദ്ധാവസാനം വരെയെങ്കിലും ചർച്ചിൽ ഭരണം സഹിക്കുവാൻ ബ്രിട്ടീഷ് ജനതയ്ക്കു ക്ഷമയുണ്ടായില്ല. എന്തെന്നാൽ മി. ചർച്ചിൽ ഒരു ഭരണനേതാവല്ല. പരിഷ്കൃതമായ ആശയങ്ങളോ നവീനമായ വീക്ഷണങ്ങളോ ഇല്ലാത്ത ആ കടുത്ത യാഥാസ്ഥിതികനു പൂർവ്വചരിത്രത്തിന്റെ മഹിമയല്ലാതെ ആധുനിക ലോകഗതിയുടെ യഥാർത്ഥനില കാണുവാനുള്ള കണ്ണില്ല. ഈ യുദ്ധമുണ്ടായില്ലെങ്കിൽ മി. ചർച്ചിൽ ഒരു കാലത്തും പ്രധാന മന്ത്രിയാകയില്ലായിരുന്നു. മി. ചർച്ചിൽ പ്രധാന മന്ത്രിയായില്ലായിരുന്നെങ്കിൽ യാഥാസ്ഥിതിക കക്ഷിക്കു ഇത്ര പരിതാപകരമായ പരാജയമോ തൊഴിലാളികൾക്കു ഇത്ര പരിപൂർണ്ണമായ വിജയമോ ഉണ്ടാവുകയുമില്ലായിരുന്നു.

* * *

ഒരു ശതവർഷത്തോളം ഒരു ഗണനീയ കക്ഷിയായിരുന്ന ലിബറൽസ് കഴിഞ്ഞ മഹായുദ്ധം നടത്തിയ ശേഷം ഒരിക്കലും അധികാരത്തിലായിട്ടില്ല. ഇപ്പോൾ അവർ ക്ഷയിച്ചു ക്ഷയിച്ചു പാർലമെന്റിൽ വെറും 12 പേരടങ്ങിയ ഒരു നിസ്സാരകക്ഷിയായി പരിണമിച്ചിരിക്കയാണു്. അതുപോലെ ഏകദേശം മൂന്നു ശതവർഷമായി ഒരു പ്രധാനകക്ഷിയായി പ്രവർത്തിച്ചുകൊണ്ടിരുന്ന യാഥാസ്ഥിതികകക്ഷിയുടെ ചരമശ്ലോകമല്ലയോ മി. ചർച്ചിൽ അവസാനമായി പാടിയിരിക്കുന്നതെന്നു വളരെ സംശയിക്കേണ്ടിയിരിക്കുന്നു.

* * *

എന്നാൽ തൊഴിലാളിക്കക്ഷിക്കു പരിപൂർണ്ണ ഭൂരിപക്ഷത്തിന്റെ അധികാര സ്വാതന്ത്ര്യമുണ്ടെങ്കിലും, ഒരു മഹാ സാമ്രാജ്യത്തിന്റെ നയതന്ത്ര നിയന്ത്രണത്തിനുള്ള പരിചയവും തന്റേടവും സാമർത്ഥ്യവും എത്രയുണ്ടാകുമെന്നു പലരും ഭയപ്പെടുന്നുണ്ടു്. നല്ലരാജ്യതന്ത്രജ്ഞന്മാർ ഇപ്പോൾ ഇംഗ്ലണ്ടിൽ ഇല്ലെങ്കിലും, ഭരണതന്ത്രജ്ഞന്മാർ പലർ കാണും. അവർ മിക്കവരും പുതിയ തൊഴിലാളിഭരണത്തോടു വലിയ അനുഭാവമുള്ളവരായിരിക്കയുമില്ല. അതിനാൽ ഈ വിഷമസന്ധിയിലുള്ള തൊഴിലാളികളുടെ അധികാരസ്വീകരണം അവരുടെ സർവ്വശക്തികളെയും അതികഠിനം പരീക്ഷിക്കുന്നതാണു്.

* * *

ഒരു കണക്കിൽ തൊഴിലാളിക്കക്ഷി ഭാഗ്യവാന്മാരെന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ റഷ്യയും ജപ്പാനോടു യുദ്ധപ്രഖ്യാപനം ചെയ്തു. അനേകലക്ഷം ദ്വീപുകളോടു കൂടിയ അതി വിസ്തൃതമായ പ്രശാന്തസമുദ്രത്തിലാണെങ്കിലും അമേരിക്ക, റഷ്യ, ബ്രിട്ടീഷ്, ചൈന എന്നീ മഹാശക്തികളുടെ സർവ്വലോക സംഹാരസമന്വിതം അതി ഭയങ്കരമായുണ്ടാകാൻപോകുന്ന ആക്രമണത്തെ നിരോധിച്ചു നീണ്ടാൾ നിൽക്കുവാൻ ജപ്പാനു നിശ്ചയമായും സാധിക്കയില്ല. അതിനാൽ ജപ്പാനിതാ സന്ധിക്കപേക്ഷിച്ചിരിക്കുന്നു.

* * *

ഇതു് തൊഴിലാളിക്കക്ഷിയുടെ ഒരു ഭാഗ്യമാണു്. എന്നാൽ ഏററവും വമ്പിച്ച ഭാരമാണു് ഈ പുതിയ കക്ഷി വഹിക്കേണ്ടതായിരിക്കുന്നതു്. ഇത്ര ഭയങ്കരമായ നാശം ഒരു യുദ്ധംമൂലവും ബ്രിട്ടനിതുവരെ ഉണ്ടായിട്ടില്ല. അതിനാൽ കോടാനുകോടി പവുൻ

ബ്രിട്ടന്റെ അററകുററപ്പണികൾക്കുതന്നെ ചെലവാക്കേണ്ടിയിരിക്കുന്നു. യുദ്ധാനന്തര പുനസ്സംവിധാനത്തിനുള്ള ചെലവോ അതിലും ഭയങ്കരമാണ്. ലോകത്തിലുള്ള സകല രാജ്യങ്ങളും ഈ യുദ്ധംമൂലം അടിതെററിയാണ് നില്ക്കുന്നത്. അവയെല്ലാം ഒരു തീരുമാനമുണ്ടാക്കുക എന്നത് ഏതുരാജ്യതന്ത്രജ്ഞനും അസാദ്ധ്യമാകുന്നു. എന്നാൽഒരുതീരുമാനമുണ്ടായേതീരു. ഇവിടെ തൊഴിലാളിഗവണ്മെൻറ് വിഷമിക്കതന്നെ ചെയ്യും. ബ്രിട്ടന്റെ വാണിജ്യ വ്യവസായങ്ങൾക്കിടിവു തട്ടാതെ നോക്കേണ്ടത് മറെറാരടിയന്തിര കാര്യമാണ്. അമേരിക്ക, റഷ്യ എന്നീ രണ്ടു മഹച്ഛക്തികളുടെ ന്യായമായ അവകാശങ്ങളെ പ്രതിബന്ധിക്കാതെ ബ്രിട്ടന്റെ വാണിജ്യവ്യവസായസംരക്ഷണം മറെറാരു അസാദ്ധ്യ കാര്യമായിട്ടാണു ശേഷിക്കുന്നത്.

* * *

ഇതിലെല്ലാമുപരിയാണ് ഇന്ത്യൻപ്രശ്നം. ചർച്ചിൽ ഗവണ്മെൻറ് തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടത് അവരുടെ ബുദ്ധിശൂന്യവും യാഥാസ്ഥിതികവുമായ സാമ്രാജ്യദുഷ്പ്രഭുത്വനയത്തോടു ലോകമൊട്ടാകെ പ്രകടിപ്പിച്ച വെറുപ്പിന്റെഫലം മാത്രമാകുന്നു, അല്ലാതെ തൊഴിലാളി നേതാക്കന്മാരുടെ ശേഷിയിലും പരിചയത്തിലുമുള്ള വിശ്വാസം കൊണ്ടല്ല. ഇന്ത്യൻ സ്വയംഭരണപ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതാണെന്ന് തൊഴിലാളികൾ അവരുടെ പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. അപ്രകാരം ഇന്ത്യ തൊഴിലാളിഗവണ്മെൻറിൽനിന്നു വളരെയെല്ലാം ആശിക്കുന്നുമുണ്ട്.

* * *

ഇന്ത്യൻ സ്തംഭനനിവാരണത്തിനുള്ള വേവൽപദ്ധതി സമസ്തമുസ്ലീങ്ങളെയുംനാമനിർദ്ദേശം ചെയ്യാനുള്ള മി. ജിന്നായുടെ വാദം കോൺഗ്രസ്സിനും വൈസ്രായിക്കും സ്വീകാര്യമല്ലാത്തതുകൊണ്ട് പരാജയപ്പെട്ടതു വകവയ്ക്കാതെ വീണ്ടും ആലോചനയ്ക്കെടുക്കണമെന്നുള്ള അഭിപ്രായത്തിന് ഇനി പ്രസക്തിയില്ല. എന്തെന്നാൽ തൽക്കാലവ്യവസ്ഥയല്ല സ്ഥിരവ്യവസ്ഥയാണ് ഇനി ശ്രമിക്കേണ്ടിയിരിക്കുന്നത്. ലേബർഗവണ്മെൻറിന് ഇതിൽ എന്തെങ്കിലും പ്രവർത്തിക്കാതിരിക്കാൻ നിവൃത്തിയില്ല. 1929—ലെ ലേബർഗവണ്മെൻറാണ് ഇന്നു നിലവിലിരിക്കുന്ന 1935-ലെ ഇന്ത്യാ ആക്ടിനും മിക്കവാറും പൂർണ്ണസ്വയംഭരണാവകാശമുള്ള പ്രാദേശികഭരണപരിഷ്കാരത്തിനും ഉത്തരവാദികളെന്നുള്ളതു സ്മരണീയമാകുന്നു. പരിപൂർണ്ണഭൂരിപക്ഷമില്ലാതിരുന്ന അന്നത്തെ ലേബർ ഗവണ്മെൻറിന് അത്രയും ചെയ്യാൻ സാധിച്ച സ്ഥിതിക്ക് അധികാരപൂർണ്ണതയിൽ വിലസുന്ന ഇന്നത്തെ ലേബർഗവണ്മെൻറു അതിൽ കൂടുതൽ ചെയ്യാൻ ശക്തമാകുമെന്ന് വിചാരിക്കാവുന്നതാണ്. പോരെങ്കിൽ ചക്രവർത്തി തിരുമനസ്സിലെ പാർലമെൻറു പ്രസംഗത്തിൽ ഇന്ത്യയ്ക്കു പൂർണ്ണസ്വയംഭരണം കൈവരുത്തുവാൻ എത്രയുമെളുപ്പം പരമാവധി പ്രയത്നിക്കുന്നതാണെന്ന് ഇപ്പൊഴും പ്രഖ്യാപനം ചെയ്തിട്ടുണ്ട്. അതിനാൽ വളരെ താമസിയാതെ ഇന്ത്യയിൽ വലിയ ഭരണപരിഷ്ക്കാരമുണ്ടാകുമെന്നുള്ളത് നിശ്ചയമാകുന്നു.

* * *

പാകിസ്ഥാൻവാദത്തിൽ ഇന്ത്യയെ വിഭജിച്ച് ഉത്തരഭാരതത്തെ യൂറോപ്പുവരെനീണ്ടു കിടക്കുന്ന മുസ്ലിം സാമ്രാജ്യങ്ങളുടെ ഒരു സംയുക്ത ഘടകമാക്കിത്തീർക്കണമെന്നുള്ള മി. ജിന്നായുടെ സ്വപ്നം ഇന്ത്യൻ ഭരണപരിഷ്കാരത്തിനു ഒരു വലിയ പ്രതിബന്ധമായിട്ടാണല്ലോ ഇപ്പോൾ നിൽക്കുന്നത്. എന്നാൽ ഇന്ത്യയെ വിഭജിച്ചു ഭരിക്കാൻ ഒരു അധികാര ശക്തി ഉള്ളിടത്തോളംകാലമല്ലാതെ ഈ വാദത്തിനൊന്നും ശക്തികാണുന്നതല്ല. അതിനാൽ ഇന്ത്യയ്ക്കു സ്വയംഭരണം കൊടുക്കാൻ തീരുമാനിക്കുന്ന നിമിഷം, അതിനുള്ള നടപടി ആരംഭിക്കുന്നസമയംവരെ മാത്രമെ മി. ജിന്നായുടെ ഈമുടക്കുവാദത്തി

നു സ്ഥാനമൊള്ളു. എന്തെന്നാൽ ഉത്തര ആഫ്രിക്കയുടെ പശ്ചിമതീരംമുതൽ ഭാരതത്തിന്റെ പശ്ചിമാതിർത്തിവരെ നീണ്ടുകിടക്കുന്ന മുസ്ലിം രാജ്യങ്ങൾക്കു കൂട്ടതൽശക്തിസംഭരിച്ചുകൊടുത്തു് ഒരു മഹത്തായ മുസ്ലിം ശക്തിയെ വളർത്തണമെന്നു് ഒരു യൂറോപ്യൻ രാജ്യതന്ത്രജ്ഞനും ഇപ്പോൾ ആലോചിക്കുകപോലും ചെയ്യുന്നതല്ല. പോരെങ്കിൽ ഇന്ത്യയിലെ മുസ്ലിങ്ങൾ തന്നെ ഒരു വലിയഭൂരിപക്ഷം പാകിസ്ഥാൻവാദത്തിനു വിപരീതമാകുന്നു. അതിനാൽ ഇന്ത്യൻ സ്വാതന്ത്ര്യവാദത്തിനു ആകാവുന്ന നിരോധന നടപടികൾ നടത്തി എന്ന ബഹുമതിയോടുകൂടി മി. ജിന്നാ താമസിയാതെരംഗനിഷ്ക്രമണം ചെയ്യുന്നതാണു്.

* * *

ഇന്ത്യയ്ക്കു സ്വയംഭരണം കിട്ടിയാൽ നാട്ടുരാജ്യങ്ങളും അതിൽ സംബന്ധിക്കേണ്ടതായിവരുമെന്നുള്ളതു നിശ്ചയമാകുന്നു. നാട്ടുരാജ്യങ്ങളുടെ അധീശ ശക്തിയുമായുള്ള ഉടമ്പടി ബന്ധങ്ങളുടെ നിയമവശം എത്രകുഴഞ്ഞതായിരുന്നാലും അവയെല്ലാം പരിഹാരമുണ്ടാക്കുകയും നാട്ടുരാജ്യങ്ങളിലും ഭരണപരിഷ്കാരമുണ്ടാവുകയും ചെയ്യാതിരിക്കാൻ നിവൃത്തിയില്ല.

* * *

ഏതെങ്കിലും നാട്ടുരാജ്യങ്ങൾ പ്രജായത്തഭരണ പരിഷ്കാരങ്ങൾക്കു പക്വമായിട്ടുണ്ടെങ്കിൽ, അവയിൽ പ്രഥമസ്ഥാനം തിരുവിതാംകൂറിനും കൊച്ചിക്കും ആണെന്നുള്ളതു നിസ്തർക്കമാകുന്നു. അതിനാൽ വളരെ താമസിയാതെ ഇവിടങ്ങളിലും ഭരണപരിഷ്കാരപ്രശ്നങ്ങൾ ചിന്താവിഷയങ്ങളാകുന്നതാണു്. ഈ ഭരണപരിഷ്കാരങ്ങളിൽ നാം അനുകരിക്കേണ്ട നയമെന്തു് എന്നസംഗതി സകലരും ആലോചിക്കേണ്ട അവസരമാണിതു്.

* * *

പ്രജായത്തഭരണപരിഷ്കാരം തിരുവിതാംകൂറിലുണ്ടായാൽ അവിടെ രാഷ്ട്രീയ കക്ഷികൾക്കോ സാമുദായിക കക്ഷികൾക്കോ പ്രാബല്യം വരുന്നതെന്നു കണ്ടറിയേണ്ടതായ ഒരു കാര്യമാണു്. രാഷ്ട്രീയ കാര്യങ്ങളിൽ സാമുദായിക കക്ഷികൾ പാടില്ലെന്നുള്ള പ്രമാണം പഴഞ്ചനും അനാദരണീയവും ആയിരിക്കുന്ന ഒരു കാലമാണിതു്. അതുകൊണ്ടു സാമുദായിക കക്ഷികളുടെ ഒരു സംഘടനയ്ക്കോ, അതല്ല സമുദായം വിഗണിച്ചുള്ള രാഷ്ട്രീയ കക്ഷികൾക്കോ ഏതിനാണു് ദൃഢതയും പ്രാബല്യവും ഉണ്ടാക്കാൻ സാധിക്കുന്നതെന്നാകുന്നു പ്രമാണികൾ ആലോചിക്കേണ്ടതു്. ഇന്നത്തെ ഗവണ്മെന്റിനു അനുകൂലമോ പ്രതികൂലമൊ എന്നകാര്യം, ഈ കക്ഷിരൂപവൽക്കരണത്തിൽ ചിന്താവിഷയമല്ല. എന്തെന്നാൽഗവണ്മെന്റുരൂപവൽക്കരിക്കത്തക്കവിധം പ്രാബല്യത്തിലാകാവുന്ന കക്ഷിയുടെ കാര്യമാണു നാം ആലോചിക്കേണ്ടിയിരിക്കുന്നതു്.

* * *

രണ്ടാം മഹായുദ്ധവും അവസാനിച്ചു. മൂന്നാം മഹായുദ്ധം 22-ാംകൊല്ലത്തിൽ ഉണ്ടായേക്കാമെന്നു ഒരു പ്രധാന ജ്യോത്സ്യൻ പ്രവചിക്കാനുംധൈര്യപ്പെട്ടിട്ടുണ്ടു്. ജ്യോത്സ്യം എങ്ങനെയിരുന്നാലും അസമത്വങ്ങളും സാമ്രാജ്യദുർമ്മോഹങ്ങളും അശക്തരെയുള്ള ചൂഷണങ്ങളും അസ്തമിക്കാതിരിക്കുന്നിടത്തോളം കാലം ലോകത്തിൽ സമാധാനമുണ്ടാകയില്ലെന്നുള്ളതു തർക്കമററ സംഗതിയാകുന്നു. ഇന്നത്തെ മഹച്ഛക്തികളുടെ കൂടിയാലോചനകളുടെ ഗതിനോക്കുമ്പോൾ സമ്പൂർണ്ണമായ ഒരു സമാധാനത്തിനുള്ള തീരുമാനം സാദ്ധ്യമാണോ എന്നു വളരെ സംശയമാണു്. അതിനാൽ കടുത്ത വാണിജ്യവ്യവസായ മത്സരവും, ഒരു പക്ഷെ പണ്ടത്തെക്കാൾ ഭയങ്കരമായ സാമ്പത്തികാധഃപ്പതനവും നാം വളരെ താമസിയാതെ അഭിമുഖീകരിക്കേണ്ടതായി വന്നേക്കാം.

# ഒരഭ്യർത്ഥന.

നായർ സർവീസ് സൊസൈററിയുടെ കഴിഞ്ഞ പൊതുയോഗത്തിൽ പാസ്സാക്കിയിട്ടുള്ള പ്രമേയമാണ് താഴെ ചേർക്കുന്നതു്.

## പ്രമേയം.

ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകൾക്ക് ഒരു പ്ലെഷർകാർ വാങ്ങിക്കൊടുക്കുവാൻ വേണ്ടി 7000 രൂപയിൽ കുറയാത്ത ഒരു സംഖ്യ സമുദായാംഗങ്ങളിൽ നിന്നും പിരിച്ചെടുക്കണമെന്നു് ഈ യോഗം തീരുമാനിക്കയും, അതിലേക്ക താഴെപ്പറയുന്ന മാന്യന്മാരെ ഒരു കമ്മററിയായി സംഘടിപ്പിക്കുന്നു എന്നു് നിശ്ചയിക്കുകയും ചെയ്യുന്നു.

മെ. 1. ടി. പി. വേലായുധൻപിള്ള എം. എൽ. ഏ. (പ്രസിഡണ്ട്)
2. നീലവന ആർ. മാധവൻനായർ എം. എൽ. ഏ. (കൺവീനറും ഖജാൻജിയും)
3. വി. കെ. വേലപ്പൻനായർ എം. എൽ. ഏ.
4. എൻ. ഗോവിന്ദമേനോൻ ബി. ഏ. ബി. എൽ.
5. പട്ടത്തുമഠം പി. കെ. വാസുദേവൻനായർ.

ഇതനുസരിച്ചു് പൊതുയോഗത്തിൽവച്ചുതന്നെ രൊക്കമായും വാഗ്ദാനമായും ലഭിച്ചിട്ടുള്ള സംഭാവനകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നുണ്ട്.

എത്രയും എളുപ്പം ഈ കാര്യം നടപ്പിൽ വരുത്തേണ്ടതാകയാൽ സർവീസ് സൊസൈററിയുടേയും മന്നത്തു പത്മനാഭപിള്ള അവർകളുടേയും കാര്യത്തിൽ താല്പര്യമുള്ള എല്ലാമഹതീമഹാന്മാരും അവർക്ക് ഹിതമുള്ള സംഖ്യ കഴിയുന്നത്രവേഗത്തിൽ കമ്മററിയുടെ കൺവീനറും ട്രഷററുമായ മി. നീലവന ആർ. മാധവൻ നായർ എം. എൽ. ഏ., കൊല്ലം എന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കണമെന്നപേക്ഷിക്കുന്നു.

ചെങ്ങന്നൂർ
32-12-120.

ടി. പി. വേലായുധൻപിള്ള
കമ്മററി പ്രസിഡണ്ട്.

---

എൻ. എസ്സ്. എസ്സ്. പ്രസിഡണ്ട് രാജശ്രീ മന്നത്തുപത്മനാഭപിള്ള അവർകൾക്ക് ഒരു കാർ വാങ്ങിക്കുന്നതിന് സംഭാവന ചെയ്യുവരുടെ ലിസ്റ്റ്.

മെസ്സേഴ്സ്.

1. ടി. പി. വേലായുധൻപിള്ള എം. എൽ. ഏ, ചെങ്ങന്നൂർ 101
2. പട്ടത്തുമഠം പി. കെ. വാസുദേവൻനായർ, തലവടി 51
3. തറയിൽതാൻ കെ. എൻ. കേശവപിള്ള, പെരുങ്ങാല-കായംകുളം 101
4. തട്ടയിൽ പി. ആർ. മാധവൻപിള്ള ബി. ഏ, നായർ യൂണിയൻ ഹോസ്റ്റൽ തിരുവനന്തപുരം 25
5. എം. എസ്സ്. കുമാരൻനായർ ബി. ഏ. എൽ. ററി, office of the Asst: Inspector of schools, കോട്ടയം 25
6. വി. കെ. വേലപ്പൻനായർ എം. എൽ. ഏ; വൈക്കം 101

| | |
|---|---|
| 7. കെ. ജി. കേശവൻനായർ ബി. ഏ. ബി. എൽ. എം. എൽ, ഏ, പൊൻകുന്നം | 101 |
| 8. പനങ്ങാട്ട കേശവനുണ്ണിത്താൻ, അടൂർ | 101 |
| 9. ആർ. നാരായണപ്പണിക്കർ ബി.ഏ.ബി.എൽ. അഡ്വക്കേററു്, പൊൻകുന്നം | 51 |
| 10. വി. ഗോവിന്ദമേനോൻ ബി. ഏ. എൽ. ററി, ഹെഡ്മാസ്റ്റർ പാലിയം ഹൈസ്കൂൾ, ചേന്നമംഗലം | 51 |
| 11. ആർ. ഗോവിന്ദപ്പിള്ള വള്ളിക്കോട്ട്, കൈപ്പട്ടൂർ | 25 |
| 12. എം. ആർ. ജി. പണിക്കർ, പട്ടാശ്ശേരി-കോട്ടയം | 51 |
| 13. ആർ. നാരായണപിള്ള പേരൂർ, എൻ. എസ്. എസ്. കരയോഗപ്രതിനിധി പേരൂർ, ഏററുമാനൂർ. | 25 |
| 14. തെങ്ങുംപള്ളിൽ പത്മനാഭപിള്ള അന്തിനാട്ട് | 25 |
| 15. എൻ. രാമക്കുറുപ്പ്, തട്ടയിൽ | 25 |
| 16. എസ്. പരമുപിള്ള കുഴിവിള തെക്കേതിൽ, കടമ്പനാട്ട് | 25 |
| 17. വരകപ്പള്ളിൽ കേശവപിള്ള, ഇടമററം, ഭരണങ്ങാനം | 101 |
| 18. എൻ. കെ. കൃഷ്ണപിള്ള, ഏററുമാനൂർ. | 51 |
| 19. പൂവക്കാട്ട് നീലകണ്ഠപ്പിള്ള, പൂഴിക്കാട്ട് പന്തളം. | 15 |
| 20. പഴൂർ രാമൻപിള്ള, കോന്നി. | 51 |
| 21. വി. ഗംഗാധരൻ നായർ എം. എൽ. ഏ. കൊല്ലം. | 101 |
| 22. കെ. പി. ഗോവിന്ദൻനായർ, പാലാ. | 25 |
| 23. പി. എൻ. കൃഷ്ണപിള്ള ബി. ഏ. ബി. എൽ. അഡ്വക്കേററു് ആലപ്പുഴ. | 51 |
| 24. കുറുപ്പും മഠത്തിൽ ശങ്കരനുണ്ണി, പുന്നത്ര, കിടങ്ങൂർ. | 15 |
| 25. ആർ. കെ. പിള്ള, ആനന്ദഭവനം, വക്കല. | 51 |
| 26. താനേഴത്തു കുട്ടൻപിള്ള, പാണാവള്ളി, ചേർത്തല. | 101 |
| 27. പി. രാഘവൻപിള്ള ടീച്ചർ, എൻ. എസ്. എസ്. ഇം. ഹൈസ്കൂൾ പെരുന്ന | 25 |
| 28. നീലവന ആർ. മാധവൻനായർ, എം. എൽ. ഏ. കൊല്ലം. | 201 |
| 29. കൊണ്ടൂർ കൃഷ്ണപിള്ള, തൃക്കൊടിത്താനം, ചങ്ങനാശേരി. | 51 |
| 30. വൈദ്യൻ, സി. ജി. പാമ്പാടി, കോട്ടയം, | 25 |
| 31. കെ. പി. പിള്ള, പാർവ്വതീമന്ദിരം കവിയൂർ. | 25 |
| 32. കൊച്ചുകുഞ്ഞുപിള്ള, ചിറമററത്തു വീട്ട്, പെരുന്ന. | 51 |
| 33. എൻ. വാസുദേവൻപിള്ള ബി. ഏ. എൽ. ററി. ഹെഡ്മാസ്റ്റർ, എൻ. എസ്. എസ്. ഇംഗ്ലീഷ് ഹൈസ്കൂൾ, പന്തളം. | 51 |
| 34. പി. കെ. ദാമോദരക്കുറുപ്പ് ടീച്ചർ, എൻ. എസ്. എസ്. ഇം. ഹൈസ്കൂൾ പെരുന്ന | 15 |
| 35. കെ രാമകൃഷ്ണപിള്ള, മാനേജിംഗ് ഏജൻറു് കേരളസർവ്വീസ് ബാങ്ക് ചങ്ങനാശേരി | 35 |
| 36. ടി. കെ. പരമേശ്വരൻപിള്ള, ബി. ഏ. ഹെഡ്മാസ്റ്റർ എൻ. എസ്. എസ്. ഇം. സ്കൂൾ, കാവാലം. | 25 |
| 37. മഠത്തിൽ നാരായണപിള്ള കവിയൂർ. | 51 |
| 38. വാല്പറമ്പിൽ നാരായണൻ നായർ, വാഴപ്പള്ളി, ചങ്ങനാശേരി. | 51 |
| 39. തലാപ്പിൽ അയ്യപ്പൻപിള്ള, വെട്ടിപ്രം, പത്തനംതിട്ട. | 25 |
| 40. സി. കെ ശങ്കരപ്പിള്ള ബി. ഏ. ബി. എൽ. അഡ്വക്കേററു്, തിരുവല്ല. | 25 |
| 41. കെ. ജി. കൃഷ്ണപിള്ള, റിട്ട. പാർവ്വത്യം കവിയൂർ | 15 |
| 42. വി. പി. ഗോവിന്ദൻ നായർ. വക്കീൽ, മൂവാററുപുഴ. | 51 |
| 43. വിദ്വാൻ എം. കെ. നായർ, എൻ. എസ്. എസ്. കരയോഗയൂണിയൻ പൊൻകുന്നം. | 25 |
| 44. ഏഴാച്ചേരി ആർ. ദാമോദരൻനായർ, പിഴക്. | 15 |
| 45. ക്രനാനിക്കൽ കുമാരപിള്ള, ചെറുവള്ളി, മണിമല. | 25 |
| 46. മണ്ണഞ്ചേരിൽ എം. എൻ. രാഘവൻനായർ, കോന്നി. | 15 |
| 47. പി. കെ. കുഞ്ചുപ്പണിക്കർ, എൻ. എസ്. എസ്. കരയോഗം ഇൻസ്പെക്ടർ വള്ളംകുളം, തിരുവല്ലാ. | 15 |
| 48. ആർ. കൃഷ്ണൻനായർ, എൻ. എസ്. എസ്. കരയോഗം ഇൻസ്പെക്ടർ മാടപ്പള്ളി, ചങ്ങനാശരി | 15 |
| 49. അമ്പിയിൽ ആർ. ശങ്കരപ്പിള്ള | 25 |
| 50. പെരിങ്ങര തെന്മേലിൽ വേലായുധൻപിള്ള, റിട്ട. പാർവ്വത്യം തിരുവല്ലാ. | 25 |
| 51. കെ. സി. ദാമോദരമേനോൻ, കണ്ടനാട്, പാറക്കടവ്. | 25 |

Reg: No. 1 111.  L. No. 328 dated 31. 8. 35.

# ഒരു ബഹുമുഖ രാക്ഷസൻ.

ഉദരവ്യാധി ഒരു ചതിവനായ ബഹുവക്ത്ര രാക്ഷസനാണ്. കാലേ കൂട്ടി കരുതിയില്ലെങ്കിൽ നിങ്ങളും ചതിവിൽപ്പെട്ടു ഹിംസിക്കപ്പെടും. ഏക പ്രതിവിധി സ്റ്റൊമക്ക് ഡ്രാപ്പ് എന്നുള്ളതു് ഇന്നു ലോകം അംഗീകരിച്ചു കഴിഞ്ഞ ഒരു പരമാർത്ഥമാണു്

വയററിൽവേദന, നെഞ്ചെരിച്ചിൽ, പുളിച്ചു തികട്ടൽ, ഉദരവ്രണം, അഗ്നിമാന്ദ്യം, അതിസാരം, വായുക്ഷോഭം, ഛർദ്ദി തുടങ്ങിയ ദഹനസംബന്ധമായ രോഗങ്ങൾക്കു സ്റ്റൊമക്ക് ഡ്രാപ്പ് വളരെ ഫലപ്രദം. പെട്ടെന്നനുഭവവും സ്ഥായിയായ ഫലവും.

40 ഡോസ് കുപ്പിക്കു വില രൂ 3. 80 ഡോസ് കുപ്പിക്കു വില രൂ. 5.

ഉത്തമാബ്രദേഴ്സ്, ചങ്ങനാശേരി.

---

# കനകാമൃതം.

നശിച്ചുപോയ ജീവശക്തിയെ വീണ്ടെടുത്തു രക്തപുഷ്ടിയും സ്ഥിരമായ ആരോഗ്യവും സമ്പാദിക്കുവാൻ ഞങ്ങളുടെ കനകാമൃതംതന്നെ സേവിക്കണം.

അസ്ഥിസ്രാവം, പൂയമേഹം, സ്വപ്നസ്ഖലനം, ശുക്ലസ്രാവം, വെള്ളപോക്കു്, വിളർച്ച മുതലായ രോഗങ്ങളെ ശമിപ്പിച്ചു ശരീരത്തെ പോഷിപ്പിക്കുന്നതിന് അദ്വിതീയ സിദ്ധൌഷധം! പ്രസവാനന്തരം സ്ത്രീകൾക്കു അതിവിശിഷ്ടമായിട്ടുള്ളതു്!!

വില 24 ഔൺസ് കുപ്പി ഒന്നിനു നാലു രൂപാമാത്രം.

കൂടാതെ ഏററവും കൃത്യനിഷ്ഠയോടുകൂടി തയാർ ചെയ്യുന്ന മറെറല്ലാ വിധ ആയുർവേദൌഷധങ്ങളും എപ്പോഴും വില്പനയ്ക്കുണ്ടു്.

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

വൈദ്യൻ, എം. എസ്. രാമകൃഷ്ണപിള്ള
എസ്. ആർ. കെ. വി. വൈദ്യശാല. കാട്ടൂർ.
അയിരൂർ—തിരുവിതാംകൂർ.

---

Printed and published by Mannathu Padmanabha Pillai,
at the N. S. S. Press, Changanacherry.